

THE KOTTAYAM PUBLIC LIBRARY

# ആരുടെ ഭൂമി

രാഘവൻ, അമ്പാടത്തു്.

# ആരുടെ ഭൂമി

33334

By

രാഘവൻ അമ്പാടത്തു്

വില 75 പൈസ

NATIONAL BOOK STALL
SPCS
LTD.
BR. KOTTAYAM.

ആമിനാ ബുക്ക്സ്റ്റാൾ,
തൃശ്ശൂർ.

MA10

[Malayalam]

AARUDE BHOOMI

(Poetry)

By

RAGHAVAN AMBADATH

First Edition Copies 1000

November 1962

Price nP 75

AMINA BOOK STALL

TRICHUR-1.

S. INDIA.

ഖണ്ഡകാവ്യം

# ആരുടെ ഭൂമി

33334

എഴുതിയതു്:

രാഘവൻ അമ്പാടത്തു്

75 പൈസ.

പ്രസിദ്ധീകരണം:

ആമിനാ ബുക്കു് സ്റ്റാൾ,

തൃശ്ശൂർ—S INDIA.

ഒന്നാം പതിപ്പ് കോപ്പി 1000
1962 നവമ്പർ

അവകാശങ്ങൾ കവിക്കു്.

അച്ചടി:
ദേവസ്സി മെമ്മോറിയൽ പ്രസ്സ്, തൃശ്ശൂർ-1.

# സമർപ്പണം.

ചൈനയുടെ ക്രൂരമായ പൈശാചികത്വത്തിന്നെതിരായി—ഹിമാലയപ്രാന്തങ്ങളിൽ മാതൃനാടിനുവേണ്ടി—സധീരം സമരം ചെയ്തു് ബലിയർപ്പിക്കപ്പെട്ട സ്വാതന്ത്ര്യതൃഷ്ണയുടെ വീരസന്താനങ്ങളായ ദേശാഭിമാനികൾക്കു്!!!

—രാഘവൻ അമ്പാടത്തു്.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# മുഖവുര.

ജനിച്ചു വളൎന്ന വീടും നാടും വിട്ട് കാടും മലയും കടലും കടന്നു് മറുനാടുകളിൽ എത്തിച്ചേൎന്നിട്ടുള്ള മലയാളികളിൽ ഒരാളാണു ഞാൻ. മലയാളഭാഷയുമായി ബന്ധം പുലൎത്തുവാൻ ഒരു വിധത്തിലും നിവ്വാഹമില്ലാത്ത ഒരു പരിത:സ്ഥിതിയിലാണു് ദിവസങ്ങൾ പോയ്ക്കൊണ്ടിരിക്കുന്നതു്. വല്ലപ്പോഴും ഒരു മലയാളിയെ കണ്ടെത്തുകയാണെങ്കിൽത്തന്നെ അയാൾക്കു് മാതൃഭാഷ കൈകാൎയ്യം ചെയ്യാനുള്ള കഴിവു് വളരെ പരുങ്ങലിലാണു്. സ്വന്തം ഭാഷയോടുള്ള അവജ്ഞയും ചിലൎക്കുണ്ടു്. ഏതായാലും അതു് അത്രത്തോളം പ്രശംസനീയമായി തോന്നുന്നില്ല..................

പരിസരമാണു് മിക്കപ്പോഴും മനുഷ്യനെ വളൎത്തുന്നതു്. ഒരു സസ്യത്തിന്റെ വളൎച്ചയ്ക്കു് ആവശ്യമായ വായു, വെളിച്ചം, വെള്ളം, ഭക്ഷണം എന്നിവ വേണ്ടപോലെ കിട്ടിയാൽ മാത്രമേ അതു് തളിൎത്തു്, പൂവണിഞ്ഞു് ഫലസമ്പന്നമാകുകയുള്ളു. അതുപോലെത്തന്നെ പ്രതിഭയുടെ വളൎച്ചക്കും നല്ല കലാസൃഷ്ടികളുടെ ആവിർഭാവത്തിന്നും അതിനേറ്റതായ ആനുകൂല്യസാഹചൎയ്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണു്. അതിന്റെ അഭാവം എന്നെ വളരെയേറെ ബാധിച്ചിട്ടുണ്ടെങ്കിലും രക്തത്തിലലിഞ്ഞു ചേൎന്നിട്ടുള്ള ഭാഷാപ്രേമം ഒന്നു മാത്രമാണു് ചിലപ്പോഴെല്ലാം എനിക്കു് നേരിയ തോതിലെങ്കിലുമുള്ള പ്രചോദനം നല്കിക്കൊണ്ടിരിക്കുന്നതു്...........

കേരളത്തിലുള്ള പത്രവാരികകളെക്കുറിച്ച് അഭിമാനം കൊള്ളാമെന്നല്ലാതെ പൊതുവെ വലിയ പ്രതീക്ഷക്കൊന്നും വഴിയില്ല.

നമ്മുടെ പ്രസിദ്ധ കഥാകൃത്തായ ശ്രീ. എസ്സ്. കെ. പൊറ്റെക്കാട്ടു് ശ്രീ. പി പി നാരായണന്റെ 'കുടിക്കാഴ്ച' എന്ന ചെറുകഥാസമാഹാരത്തിന്റെ അവതാരികയിൽ എഴുതുകയുണ്ടായി:

"ഉപജീവനത്തിന്നുവേണ്ടി മറുനാട്ടുകളിൽ വന്നുചേർന്ന് പലേതരം ഉദ്യോഗങ്ങളിലും പററിക്കൂടികഴിയുന്ന നമ്മുടെ സഹോദരന്മാരുടെ ഭാഷാസാഹിത്യസേവനത്തെ അഭിനന്ദിക്കാനോ അവരുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുവാനോ വേണ്ടപ്പെട്ടവർ മുതിർന്നുകാണുന്നില്ല നാട്ടിലെ പത്രങ്ങളും മാസികകളും മറുനാടൻ മലയാളച്ചെറുകഥകളുടെ നേർക്ക് പറയത്തക്ക സന്മനോഭാവം സംഭാവന ചെയ്യുവരുന്നുമില്ല............തറവാട്ടിൽനിന്നുള്ള അംഗീകരണം ലഭിക്കായ്കയാൽ വാസനയും കഴിവുമുള്ള പല മലയാളികളുടേയും സാഹിത്യസേവനം മന്ദീഭവിച്ചുപോകുന്നു........" എന്നു്.

കല, കവിത തുടങ്ങിയ വിഷയങ്ങളെക്കുറിച്ചു് ഖണ്ഡിതമായ ഒരു അഭിപ്രായം പറയാനുള്ള കഴിവു് എനിക്കില്ല എങ്കിലും ചിലതൊക്കെ ഒന്നു സ്പർശിക്കേണ്ടതു് ഒരാവശ്യമാണെന്നും തോന്നുന്നു.

"കവിയുടെ വ്യക്തി ചേതനക്കു് പ്രപഞ്ച യാഥാർത്ഥ്യത്തോടുള്ള സാധാരണീകൃതമായ ആവിഷ്കരണമല്ലേ കവിത" എന്നു് എൻ. വി. കൃഷ്ണവാരിയർ ചോദിക്കുന്നു. ഏതാണ്ടു് ഒരു സ്വപ്നമായിട്ടാണു് ചങ്ങമ്പുഴ കവിത കാണുന്നതു്. പ്രാപഞ്ചികസംഗീതം മനുഷ്യമനസ്സിൽ മാറെറാലികൊള്ളുന്നതാണു് കവിത എന്നു് ഡോക്ടർ എസ്സ്. രാധാകൃഷ്ണൻ പറയുന്നു ഭാവനയുടെ പ്രതിഫലനമാണെന്നു് ഷെല്ലിയും, വൈകാരികങ്ങളായ സങ്കല്പോത്തേജനത്തിൻെറ ഭാഷയാണെന്നു് ഹാസലിററും, താളലയങ്ങളാൽ രമ്യമായ് മേളിച്ചുകൊണ്ടുള്ള സൌന്ദര്യസൃഷ്ടിയാണെന്നു് എഡ്ഗർ അല്ലൻ പോവും, വികാരവും സംഗീതവും സമ്മേളിച്ച ഭാഷയിലൂടെ ഹൃദയത്തിൻെറ വസ്തുനിഷ്ഠാത്മകവും കലാകോമളവുമായ പ്രകടനമാണു് കവിതയെന്നു് വാട്ട്സ്സ് ഡൺടനും പറയുന്നു........

സാഹിത്യവും കവിതയും മററു കലയുമെല്ലാം മനുഷ്യവർഗ്ഗത്തിൻെറ പുരോഗതിക്കു് — സംസ്കാരമഹിമക്കു് ഉപകാരപ്പെട്ടാൽ മാത്രമേ അതിൻെറ യഥാർത്ഥ ഉദ്ദേശം സഫലമാകുന്നുള്ളു. വസ്തു

നിഷ്ടമായ പ്രകൃതി നിരീക്ഷണം അതിലന്തർഭവിച്ചിരിക്കുകയും വേണം.

ഒരു അരനൂററാണ്ടിന്നപ്പുറമുള്ള കവിതകളുടെ നില അതായിരുന്നില്ല. കിരീടധാരികളുടേയും സ്ത്രീകളുടെ ശരീരാവയവങ്ങളുടേയും കോവിലുകളിലെ ദൈവപ്രതിമകളുടേയും ചുററും അലഞ്ഞു നടക്കുകയായിരുന്നു. ബൂഷ്വാസിന്താങ്ങളുടെ ഇരുളടഞ്ഞ മതിൽക്കെട്ടിന്നപ്പുറം ഉള്ള ലോകത്തെക്കുറിച്ചു ഒന്നും പറയുവാനും ഉണ്ടായിരുന്നില്ല. കഷ്ടപ്പാടും ദാരിദ്ര്യവും സഹിച്ച്, മേലാളിവർഗ്ഗത്തിൻെറ നിരന്തരമായ മർദ്ദനങ്ങൾക്കിരയായി മണ്ണടിഞ്ഞിരുന്ന മനുഷ്യവർഗ്ഗത്തെക്കുറിച്ചു മനഃപ്പൂർവ്വം വിസ്മരിക്കുകയാണു ചെയ്തിരുന്നതു്. മനുഷ്യൻ ബാഹ്യമായ ശരീരപ്രകൃതിയിലൊഴിച്ച് മൊത്തത്തിൽ ഒരു വർഗ്ഗമല്ല. മർദ്ദിതരെന്നും മർദ്ദകരെന്നും രണ്ടു വിഭാഗമുണ്ട്. അതിൽ ഒരു യഥാർത്ഥ മനുഷ്യസ്നേഹിയുടെ കവിത അവശരുടെ ചേരിയിലുമായിരിക്കും.

"എങ്ങു സർവ്വോദയം, താഴെപ്പതിച്ചവൻ
പൊങ്ങാനരുതാതമർന്നിടുമ്പോൾ.
ജീവിച്ചു ചാകുവാനാണിഹ ചത്തിട്ടു
ജീവിക്കുവാനല്ല ജന്മമാർക്കും........
.....................................................
മണ്ണിൻ വിളവേററിക്കൊയ്യുമവൻ വായിൽ
മണ്ണടിക്കും നീതി നിന്നിടുമ്പോൾ
എങ്ങു സർവ്വോദയം ഇന്നാട്ടിലേഴതൻ
എല്ലു ഞെരിഞ്ഞു തകർന്നിടുമ്പോൾ........"

(കൊയ്ത്തുകാരൻ—മലയേഷ്യ)

എന്നിങ്ങനെ പാടിപ്പോകുകയും ചെയ്യും. മനുഷ്യപുരോഗതിക്കുവേണ്ടി ഹൃദയം തുടിക്കുന്ന കവിതയിൽ വിപ്ലവാംശം കൂടി കാണും. പ്രോഗ്രസ്സീവ് റിയലിസത്തിൻെറ ഒരവിഭാജ്യഘടകമാണതു്. നല്ല ഒരു കൃതിയുടെ ലക്ഷണവുമാണെന്നു പറയാം.

"All good literature has a revolutionary impulse" എന്നു Spender പറഞ്ഞിട്ടുള്ളതു് അർത്ഥവത്തത്രേ.

'ആരുടെ ഭൂമി' ഒരു പുലയകുടുംബത്തിന്റെ ദുർബ്ബലമായ ചിത്രീകരണമാണു്. ഒരു മനോഹരമായ കലാശില്പമാണിതെന്നു് ഞാൻ അഭിമാനിക്കുന്നുമില്ല. എങ്കിലും അനുഭവങ്ങളുടെ ചില ജീവസ്പന്ദങ്ങൾ ഇതിലുൾക്കൊള്ളിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്.

അനുകരണമെന്നും മററും മുറവിളി കൂട്ടുന്നവർ വിശ്വസാഹിത്യത്തിലെ എണ്ണപ്പെട്ട പല കൃതികളേയുംതന്നെ പഴിക്കേണ്ടിവന്നേക്കും. വിപുലവും സമ്പന്നവുമെന്നു് കരുതുന്ന ആംഗ്ലേയസാഹിത്യംപോലും ആ അപവാദത്തിൽനിന്നും രക്ഷ നേടുന്നില്ല.

മഹാകവി പള്ളത്തു് പറയുന്നതു് ശ്രദ്ധേയമാണു്:

"....സോമദേവന്റെ കഥാസരിൽസാഗരത്തിൽ ഒരു യക്ഷിണി മായാമുരളി ആലാപിച്ചു് മനുഷ്യരെ മൃഗങ്ങളാക്കി രൂപാന്തരപ്പെടുത്തുന്ന ഒരു കഥയുണ്ടല്ലോ. ഓഡിസി എന്ന മഹാകാവ്യത്തിലും ആ കല്പിതകഥയുടെ അംശം കലന്നുകാണാം. 'സർസി'ന്റെ കഥ നോക്കുക. ജനമോഹിനികളായ 'സയറൻസ്' ഈ യക്ഷികൾ തന്നെയാണു്.........സോളമന്റെ ന്യായശാസനം ബുദ്ധന്റെ 'മഹൌഷധജാത'കത്തിൽ കാണുന്നുണ്ടു്. കീരിയെ കൊന്ന ബ്രാഹ്മണന്റെ കഥ അല്പം രൂപാന്തരത്തോടുകൂടി വെൽഷ് നാടൻ കഥകളിൽ കാണാം........വിദ്യാപതി കഥകളാണു് 'ചിൽഡേ കഥകൾ'. സുവർണ്ണദേവിയാണു് സിൻഡ്രലൈ. ഷേക്സ്പിയരുടെ 'വെനീസിലെ വ്യാപാരി' എന്ന നാടകത്തിലെ ഒരു റാത്തൽ മാംസകഥ ശിബി കഥയല്ലാതെ മറെറാന്നുമല്ല. ബുദ്ധന്റെ ദയാശീലങ്ങൾ രൂപാന്തരപ്പെടുത്തിയതാണു് ക്രിസ്തുവിന്റെ പത്തു് 'അനുശാസനങ്ങൾ... ........"

മഹാകവികളായ വള്ളത്തോളും ഉള്ളൂരും കുരാരനാശാനും മററു ചില സംസ്കൃത കവികളോടു് പലതുകൊണ്ടും കടപ്പെട്ടവരാണു്.

ഏണസ്റ്റ് ഹെമിങ്ങ്‌വേയുടെ 'കിഴവനും കടലു'മായിട്ട് തകഴിയുടെ ചെമ്മീനേയും വിക്ടർ ഹ്യൂഗോയുടെ 'ചിരിക്കുന്ന മനുഷ്യ'ന്റെ തനി പകപ്പായിട്ട് കെ. ടി. മുഹമ്മദിന്റെ കണ്ണുകളെയും റോബർട്ട് ബ്രൗണിങ്ങിന്റെ 'ഫോർഫിറയുടെ കാമുകൻ' എന്നതിന്റെ അനുകരണമായിട്ട് ചങ്ങമ്പുഴയുടെ മോഹിനിയെയും ചിലർ ബന്ധപ്പെടുത്തികാണുന്നു.

ഭാഷാസാഹിത്യത്തിൽ ഒരു കോളിളക്കമുണ്ടാക്കിയ ചങ്ങമ്പുഴയുടെ രമണൻപോലും ആ അപവാദത്തിൽനിന്നും രക്ഷപ്പെടുന്നില്ല. അവതാരികയിൽ സുപ്രസിദ്ധ സാഹിത്യകാരനും പണ്ഡിതനുമായ ശ്രീ മുണ്ടശ്ശേരി പറയുന്നു:

"പ്രതിപാദ്യമായിത്തീരുന്ന ജീവിതത്തിന്ന്; പ്രകൃതിസൗന്ദര്യം വഴിഞ്ഞൊഴുകുന്ന ഒരാരണ്യക ലോകത്തിൽ അകൃത്രിമതയുടെ മാത്തട്ടിൽ കളിച്ച് രസിച്ച് വളർന്ന്, ആശങ്കകളധികമില്ലാത്തതിനാൽ ആനന്ദക്ലന്യകളായി കഴിയുന്ന ആട്ടിടയന്മാരെ ആലംബമാക്കി, കവിക്ക് പറയാനുള്ളതെല്ലാം അവരുടെ കാര്യങ്ങളായി പറഞ്ഞ്, ഇഴതിരിഞ്ഞു കാണാൻ പാടില്ലാത്തവിധം ഭദ്രമായി ആദർശവുമനുഭവവും പിരിച്ചിണക്കുന്നൊരു കാവ്യസമ്പ്രദായം യൂറോപ്യൻ സാഹിത്യത്തിലുണ്ട്. അതിന് പാസ്റ്ററൽ പോയടി—ആരണ്യകഗാഥകൾ എന്നു പറയും........സ്പെൻസറുടെ സുപൂജിത കൃതികളിലൊന്നായ ആ കലണ്ടറും മറ്റേതാനും ആരണ്യകകാവ്യങ്ങളും വായിച്ചുകിട്ടിയ സംസ്കാരവിശേഷമാണെന്നു തോന്നുന്നു ശ്രീ ചങ്ങമ്പുഴക്ക് സ്വാനുഭൂതിയെ രമണനിൽ കാണുന്ന വിധം രൂപപ്പെടുത്തി എടുക്കുവാൻ പ്രേരകമായത്............"

രാധക്കും റോസ്സിക്കും ആയിഷക്കുമെല്ലാം പൊതുവെ ചില പൊരുത്തങ്ങൾ കണ്ടേക്കാം. സ്വാഭാവികമായ അതിനെ പിടിച്ച്, രാധയും റോസിയും ആയിഷയും ഒന്നാണെന്ന് പറയുന്നത് ശരിയായിരിക്കയില്ലല്ലോ. ആന്തരികമായ അവരുടെ അനുഭൂതികളും വികാരവിചാരങ്ങളും വിഭിന്നമായിരിക്കുന്നേടത്തോളംകാലം അവർ മൂന്നും മൂന്നായിത്തന്നെ വേർതിരിഞ്ഞു നില്ക്കുന്നു.

ലിയോ ടോംസ്റ്റോയിയുടേയും, ഗോക്കിയുടേയും, മയാകോവസ്കിയുടേയും, ഇബ്സൺന്റേയും, മോപ്പസാങ്ങിന്റേയും, ടി. എസ്സ്. എലിയററിൻേറയും റോനാൾഡ്ഡ് ബൊട്ടാലിൻേറയും, റെയിനൽറിൽക്കയുടേയും, വിക്ടർ ഹ്യൂഗോവിൻേറയും, ഓസ്കാർ വൈൽഡിൻേറയും, വെർലെയിൻേറയും. മുൽക്ക്രാജ് ആനന്ദിൻേറയും, മററു കൃതികളോട്ട് സമകാലീനകൃതികളുടെ ചില ബന്ധങ്ങളെപ്പിടിച്ച് അവയൊക്കെ അനുകരണമെന്നു പറഞ്ഞാൽ സുചിന്തിതമായിരിക്കുകയില്ല

"ഒരു പ്രതിഭാശാലി (ജീനിയസ്സ്) അന്യരോട്ട് ഏററവും അധികം കടമപ്പെട്ടിരിക്കു"മെന്നുള്ള എമേർസൺന്റെ അഖണ്ഡിതാഭിപ്രായത്തെ വിസ്മരിച്ചല്ല ഈ പറഞ്ഞതു്.

പുരോഗമന, വിപ്ലവാത്മകകൃതികളെ നഖശിഖാന്തം എതിക്കുന്ന നിരൂപകന്മാർ ഇന്നും ധാരാളമാണ്. അവരിലധികംപേരും സങ്കുചിതമായ മതത്തിന്റേയും റദ്ദായ വിശ്വാസങ്ങളുടേയും വർഗ്ഗീയ താല്പര്യങ്ങളുടേയും ദൃഷ്ടിചിന്താഗതിവെച്ചു പുലർത്തുന്നവരാണ്. അവർ ചില സിദ്ധാന്തങ്ങൾ പഠിച്ചുവെച്ചിട്ടുണ്ട്. എന്തുതന്നെ സംഭവിച്ചാലും ആ സിദ്ധാന്തങ്ങളെക്കുറിച്ച് യുക്തിപൂർവ്വം ആലോചിക്കുന്ന പണിയില്ല. സംഭവങ്ങളെ സത്യസന്ധതയോടുകൂടി കാണാനോ വസ്തുനിഷ്ഠമായി ചിന്തിക്കാനോ ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പുനഃപരിശോധന ചെയ്യാനോ അക്കൂട്ടർ വിമുഖരാണ്. കാലികമായ മാററങ്ങളെ പരിഗണിക്കാതെ കാലാഹരണപ്പെട്ട ഭൂതകാലത്തിലാണ് അവർക്ക് വിശ്വാസം. "We are taught our philosophy first and in its lights we, try to justify the facts" എന്നൊരു വിരൂപകൻ പറഞ്ഞതാണവരുടെ മതം.

രവീന്ദ്രനാഥ് ടാഗോർ പറയുകയുണ്ടായി, സ്വല്പംകൂടി ഉറക്കെ.

"There is no more unmitigated nuisnce to ones man-hood than authority whether of scripture, gurus or pol-

itical leaders" (മതഗ്രന്ഥങ്ങൾ, ആചാര്യന്മാർ, രാഷ്ട്രീയനേതാക്കന്മാർ തുടങ്ങിയവരുടെ പ്രാമാണികത്വംപോലെ മനുഷ്യസത്തയുടെ വളർച്ചയെ തടയുന്നതായ മറെറാരു ബന്ധവുമില്ല.)

കഴിഞ്ഞകാലത്തെപ്പോലെത്തന്നെ ഇന്നും കല സാഹിത്യം തുടങ്ങിയവ കൈകാര്യം ചെയ്യണമെന്നു് ശാഠ്യംപിടിക്കുന്നവർ കാലത്തോടു് നീതിചെയ്യാത്തവരാണു്". "No art stands still" Montgomery Belgion—(ഒരേ നിലയിൽ നില്ക്കുന്ന കലയില്ല) എന്ന സത്യത്തെ അനുസ്മരിക്കാത്തവരാണു്.

പുനരാഗമന, വിപ്ലവാത്മകമായ കവിതകൾ വേണ്ടവിധം ആസ്വാദ്യമാകണമെങ്കിൽ അവ ലളിതമായിരിക്കണം, പ്രതിപാദനം സുഗമമായിരിക്കണം. ഒരു പിടി പണ്ഡിതന്മാർക്കും ബുദ്ധിജീവികൾക്കും വേണ്ടി എഴുതുന്ന സമ്പ്രദായത്തിൽനിന്നും കെട്ടുപൊട്ടിച്ചു് ചാടുന്നതു് ഒരിക്കലും അപഹാസ്യമായിരിക്കുകയുമില്ല. ഒരു കവിത ആസ്വദിക്കുവാൻവേണ്ടി ഒരു ദിവസം ചിലവഴിക്കണമെന്നതു് തിരക്കുപിടിച്ച കാലഘട്ടത്തിന്നു് അത്ര യോജിച്ചതായിരിക്കുകയില്ല. അങ്ങിനെ ചടഞ്ഞു് ഇരിക്കുന്നവർക്കു് മാത്രമേ കാവ്യാസ്വാദനത്തിന്നർഹതയുള്ളു എന്നു വരുന്നതു് വേദനാകരമായ ഒരു കാര്യവുമല്ലേ? അത്തരത്തിലുള്ള പ്രതിപാദനശൈലി ഇന്നു് അത്ര സ്വാഗതാർഹമാണെന്നു് തോന്നുന്നില്ല എന്താണു് ശൈലി? Cocetan പറയുന്നു:

"What is style? For mnay people a very Complicated way of saying very simple things. According to us, a very simple way of saying very Complicaled things"—ലളിതമായ കാര്യങ്ങൾ വളച്ചുകെട്ടിപ്പറയുന്നതാണു് ചിലരുടെ ശൈലി. ഞങ്ങളെ സംബന്ധിച്ചേടത്തോളം ഗഹനങ്ങളായ കാര്യങ്ങൾ ലളിതമായി പറയുന്നതാണു ശൈലി.

പണ്ടത്തെ കെട്ടിവളച്ചു പറയുന്ന ആ സമ്പ്രദായത്തിൽനിന്നും മലയാളശൈലി ലളിതമായി വരികയാണെന്നുള്ളതു് സന്തോഷകരമത്രെ.

“.......................................................................

ഒരിടം പുംസ്കോകിലോൽഗീതപഞ്ചമസ്വന
മൊരിടം പ്രാവൃഷേണ്യകാദംബിനീനിർഘോഷം”
എന്നിങ്ങനെ ഉള്ളൂരും—
“പടിഞ്ഞാറേചാഞ്ഞു, സൂര്യൻ പരിരമ്യമായ് മത്തെയും
കടുംചുവപ്പും കലർന്ന തരുക്കളുടെ,
രാജൻകരകേസരങ്ങളാം വീശിടുന്നു ഗുരത്തൊത്ത
രാജമല്ലി മരം പൂത്ത വിലാസംപോലെ.

.......................................

ഇളംതെന്നൽതട്ടി മെല്ലെയിളകിച്ചെറുതരംഗ
ച്ചുളിയേറും മുളച്ചേലച്ചോലയിൽനിന്നും
വെളിയിൽ വരുമച്ചാരുവാമെമതം പദാബ്ജംപൊൻ
തളകിലുങ്ങുമാറവൾ ചലിപ്പിക്കുന്നു’

എന്നു് ആശാനും

“താഴത്തേക്കെന്തിത്ര സൂക്ഷിച്ചു നോക്കുന്നു
താരകളെ നിങ്ങൾ നിശ്ചലമായ്
നിങ്ങൾതൻ കൂട്ടത്തിൽ നിന്നിപ്പോഴാരാനും
ഭംഗമാർന്നൂഴിയിൽ വീണുപോയോ?
ഉവ്വി,താ, നക്ഷത്രം തന്നെയാംരൂപമൊ—
ന്നുർവ്വിയിലിപ്പുരവീഥിയിങ്കൽ!
ആരോ മനോഹര സർവ്വാംഗിയാമിവ—
ളാ,രോമലാൾക്കിത്ര വെമ്പലെന്തോ?”

എന്നു വള്ളത്തോളും—

“പാവമാം കൂലിക്കാരൻ തന്നുടെ പതീപദം
കേവലം ലജ്ജാർദ്രമായ് കരുതി കലാവതി
നവയൌവനോദ്യാനരാജ്ഞിയാണവ,ളെന്നാ—
ലവനോറബ്ബർത്തോപ്പിലടിമപ്പണിചെയ്യാൻ
പറ്റിലും തളിരാംതൻകുഞ്ഞിനെയാശ്ലേഷിപ്പാൻ
കഷ്ടമേ, വേലത്തിരക്കന്നു കരങ്ങളോ?

THE KOTTAYAM PUBLIC L...
KOTTAYAM.

താരുണ്യസൌന്ദര്യത്തിൻ ജാതകം കുറിച്ചീടാൻ
ദാരിദ്ര്യദൈവജ്ഞൻെറ ദാരുണ നാരായമോ?"

എന്നു മലഞ്ഞേഷ്യയും

"ശാന്തി വാക്കം പൂവനത്തിലൊന്നിൽ വന്നോരോമൽ
കാന്തിയേന്തും ചെമ്പനി നീർച്ചെമ്പകം കിളന്നു.
ചില്ലകളിൽ പല്ലവങ്ങളുല്ലസിച്ചുന്നാക്കും
തെല്ലുനാളിന്നുള്ളിലതു ചെല്ലമായിത്തീർന്നു.
സന്തതം പരിസരത്തിൽപ്പൂന്തണൽ വിരിച്ചു-
ന്നന്തികത്തൊരാർദ്രമാകും പാരിജാതം നിന്നു്."

എന്നു ചങ്ങമ്പുഴയും

"കല്ലുവീണോടത്തൊക്കെ കുഞ്ഞലകളെപ്പോലെ-
ന്നുള്ളിലങ്ങനെ ഞെറിഞ്ഞകലും വിചാരങ്ങൾ
ഇത്തിരി തണുപ്പുള്ള കാററിനോടൊപ്പംചൂളം
കുത്തിക്കൊണ്ടനന്തതയിങ്കലേക്കൊഴുകുമ്പോൾ
ഉമ്മകൾ വിരിയുന്ന ചുണ്ടുമായ് പതിവുപോ-
ലുമ്മറത്തെത്തിക്കൊച്ചു പാലുവില്പനക്കാരി"

എന്നു വയലാർ രാമവർമ്മയും

"പെട്ടെന്നു മൌനംപൊങ്ങീമുറിയിൽ; പ്രതീക്ഷതൻ
തട്ടുകൾ തുലാസിന്മേൽ കൊളുത്തി നിമേഷങ്ങൾ
പെണ്ണുകാണലെന്നുള്ള ചടങ്ങിൽ, ഹൃദയത്തിൻ
കണ്ണിനാൽ ഭാഗ്യക്കുറിയെടുക്കും മുഹൂർത്തത്തിൽ
പ്രശ്നങ്ങളലതല്ലി ചുററിലു,മെന്നാത്മാവോ
പ്രജ്ഞയ,ററകലേക്കു പറക്കാൻ കൊതിച്ചുപോയ് "

എന്നു് പി. ഭാസ്കരനിലൂടേയും

നാം അതിൻെറ ദൃഷ്ടാന്തങ്ങൾ കാണുകയാണു്. ജി, വൈലോപ്പിള്ളി, പാലാ, ഒ. എൻ. വി. കുറുപ്പ് തുടങ്ങിയവരും ആ വളച്ചക്ക് തങ്ങളുടെ സംഭാവനകൾ നല്കിക്കൊണ്ടിരിക്കുന്നവരുമാണു്.

ഫ്രഞ്ചു കവിയായ 'വെർലെയ്നി'ൻെറ പ്രതിപാദനരീതിയിലൂടെ സഞ്ചരിച്ച ചങ്ങമ്പുഴ, ഭാഷാകവിതയെ ഒന്നു ഇളക്കി മാററുക തന്നെ ചെയ്തു. എല്ലാററിനും സംഗീതം. സംഗീതം വീണ്ടും വീണ്ടും പദ്യത്തിന്നു് എത്രമാത്രം പക്ഷികളുടെ കളനിസ്വനമാകുവാൻ കഴിയുമോ, അവിടംവരേയും ചങ്ങമ്പുഴ സഞ്ചരിച്ചു. പക്ഷേ, നിരാശയും ജീവിതത്തോടുള്ള മടുപ്പും, വിഷാദവും അതിൻെറ ഭംഗിക്കു് കുറേയൊക്കെ കോട്ടം വരുത്തിവെച്ചു എന്നുള്ളതു് വിസ്മരിക്കാവുന്നതുമല്ല. ബാഹ്യമായ ശരീരസൌന്ദര്യംപോലെത്തന്നെ ആശയസൌന്ദര്യവും കവിതക്കു് ഒഴിച്ചുകൂടാൻ വയ്യാത്തതാണു് (എന്നുവെച്ചു് അലങ്കാരങ്ങൾ അണിഞ്ഞൊരുക്കലാണു് കവിതയെന്നു് വിവക്ഷയില്ല )

ഭാവം, വിഷയം, ഉപകരണം, സാങ്കേതികമാർഗ്ഗം എന്നിവയേക്കാൾ അപ്രധാനമല്ലാത്ത സ്ഥാനം സംഗീതത്തിന്നു് അഭിജ്ഞന്മാർ കല്പിച്ചിട്ടുള്ളതു് കവിത ഹൃദയാഹ്ലാദകമാക്കുവാനാണു്........

* * * *

ആരുടെ ഭൂമി:

വിപ്ലവാശയം മുന്നിട്ടുനില്ക്കുന്ന ഉപയോഗാത്മക പുരോഗമനകൃതികളിൽ ഇളാംപ്പെട്ടമെന്നു തോന്നുന്ന "ഇന്നത്തെ കാലത്തു് ജീവിതമത്സരം കഠോരമായി ഭവിച്ചിരിക്കുന്നതിനാലാണു് ഭാരതത്തിലേയും കേരളത്തിലേയും പുത്തൻകൂററുകാരായ സാഹിത്യകാരന്മാർ ഉപയോഗാത്മകമായ പുരോഗമന സാഹിത്യകൃതികൾക്കു് പ്രാമുഖ്യം നല്കണമെന്നു് വാദിച്ചുവരുന്നതു്. ഇന്നത്തെ നിലക്കു് ഉപയോഗാത്മകകലക്കാണു് മററതിനേക്കാൾ ശ്രേഷ്ഠതയുള്ളതും............" എന്നു് എ. ബാലകൃഷ്ണപിള്ള എഴുതിയപ്പോൾ വർത്തമാന ഹൃദയത്തിലേക്കു് ചുഴിഞ്ഞിറങ്ങുക മാത്രമാണു് ചെയ്തതു്.

ഉപയോഗാത്മക—പുരോഗമന വിപ്ലവാത്മക സാഹിത്യകൃതികളിൽ രാഷ്ട്രീയ പ്രാധാന്യം കൂടുതലായി കാണുന്നതു് അവയു

ടെ ഒരു സ്വഭാവവിശേഷമാണ്. ഏതൊരാൾക്കും ചില വിശ്വാസങ്ങളുണ്ടാകും. ആ വിശ്വാസങ്ങളുടെ പ്രചരണോദാഹരണങ്ങളായിരിക്കും അയാളുടെ കൃതികൾ എന്നു പറഞ്ഞാൽ തെററില്ല. വ്യക്തിത്വമുള്ള ഏതൊരാളും അയാളുടെ വിശ്വാസത്തെയാണ് എപ്പോഴും പൊന്തിച്ചുനില്ക്കുകയും ചെയ്യുക. അഴിമതിയോടും അക്രമത്തോടുമുള്ള രോഷം, അന്ധവിശ്വാസത്തോടും അനാചാരത്തോടുമുള്ള എതിർപ്പ്, എല്ലാവർക്കും പട്ടിണിയില്ലാതെ ജീവിക്കാനുള്ള—ഒരു നല്ല നാളെക്കുവേണ്ടിയുള്ള സുചിന്തിതമായ ആവേശം—ഇവയെല്ലാം ആ കൃതികളിൽ ദൃഢമായി കാണുമെന്നതിൽ സംശയവുമില്ല ഒരു നല്ല സോഷ്യലിസ്റ്റ്‌വ്യവസ്ഥിതിയാണ് അവയുടെ ലക്ഷ്യം മനുഷ്യസമൂഹത്തിന്റെ ഐക്യവും (Tundmental unity of mankind) സാഹോദര്യവും (Brotherhood of man) ആ കൃതികൾക്ക് ഉണ്ടായിരിക്കുകയും ചെയ്യും.

ഉദാഹരണമായി കെ എൻ. എഴുത്തശ്ശന്റെ പ്രതിജ്ഞ, മലയേഷ്യയുടെ കൊയ്ത്തുകാരൻ, ഇടശ്ശേരിയുടെ പണിമുടക്കം, കെടാമംഗലത്തിന്റെ കടത്തുവഞ്ചി, കെ ദാമോദരന്റെ പാട്ടബാക്കി, വയലാർ രാമവർമ്മയുടെ ആയിഷ തുടങ്ങി ആ പട്ടികയിൽ വേറെയും ചില നല്ല കൃതികളുണ്ട്.

'ആരുടെ ഭൂമി'യുടെ ഉള്ളടക്കത്തെക്കുറിച്ച്, യാതൊന്നുംതന്നെ ഞാൻ പറയുന്നില്ല. അത് വായനക്കാർക്കുവേണ്ടി ഞാൻ വിട്ടൊഴിഞ്ഞിരിക്കയാണ്. ഈ സാഹസോദ്യമത്തെ അവഹേളിക്കുവാനും അനുമോദിക്കുവാനുമുള്ള അവകാശം ഒന്നുപോലെ അവർക്കുള്ളതുമാണ്. ഇരുകൂട്ടരോടും ഞാൻ കൃതജ്ഞനുമാണ്.

കേരളത്തിൽനിന്ന് അകന്ന് ജീവിക്കുന്നവരാണെങ്കിലും മറുനാടൻ മലയാളികളിൽനിന്ന് മലയാളഭാഷക്കുണ്ടായിട്ടുള്ള സമ്പാദ്യങ്ങൾ ഒട്ടും നിസ്സാരമല്ല. ഡോ: എസ്. കെ. നായർ,

ഡോ: കെ. എം ജോർജ്ജ്, കെ. എൻ. എഴുത്തച്ഛൻ, മലയാറ്റൂർ രാമകൃഷ്ണപിള്ള, ഒ. എം. അനുജൻ, വെന്നി, പമ്മൻ, ചാലിൽ ജേക്കബ്ബ്, കൃഷ്ണൻ പറപ്പള്ളി, പുത്തേഴത്തു് ഭാസ്കരമേനോൻ, പരേതനായ ഡോ: സി. ആർ. കൃഷ്ണപിള്ള, ഓംചേരി തുടങ്ങിയ അനേകം പേരുകൾ അക്കൂട്ടത്തിൽ ഉൾപ്പെട്ടുന്നതാണ്.

"ഭാരതമെന്നുപേർ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം;
കേരളമെന്നു കേട്ടാലോ തിളക്കണം
ചോര നമുക്കു ഞരമ്പുകളിൽ"

—വള്ളത്തോൾ.

എന്ന വരികൾ തികച്ചും അവരെയൊക്കെ സംബന്ധിച്ചേടത്തോളം അർത്ഥവത്താകുകയും ചെയ്യുന്നു. കേരളം ആ സത്യം ഓർക്കുന്നുണ്ടോ, എന്തോ?

പ്രിയ വായനക്കാരേ, കുപ്പുകൈ.

ബീഡോങ്ങ്—മലയാ
13–2–1962.

രാഘവൻ അമ്പാട്ടത്തു്.

# ആരുടെ ഭൂമി.

പുലരിയുമന്തിയും പൂമ്പട്ടു ചാർത്തുമാ-
മലരണിക്കുന്നിൻെറ താഴ്‌വരയിൽ,
ഒരു കൊച്ചു കുഗ്രാമമിന്നും ലസിപ്പതു-
ണ്ടരിയ മരതക നാടപോലെ.
അഴകൊഴുകുന്നതിൻ രംഗങ്ങളായിരം
മിഴികളും,മുള്ളും കവർന്നു നില്പൂ.
അതുലമാ കാഴ്ചകളെത്ര വർണ്ണിക്കിലും
മതിവരില്ലേതൊരു തൂലികക്കും........

*　　　*　　　*

സ്മരണതൻ താവളം തന്നിലേക്കെന്മനം
ചിറകുവിടുർത്തിപ്പറന്നിടുമ്പോൾ
കരളിൻ നിഗൂഢാന്തരാളത്തിൽ നിന്നൊരു
കഥയെന്നിൽ കത്തിപ്പിടിക്കുകയാം.
ചലനങ്ങൾ നെയ്യുന്നിതായതിൻ നാളങ്ങൾ
ചുടുരക്തം പായും ഞരമ്പുകളിൽ.
സ്മരണയീ നീറിപ്പിടിക്കും സ്മരണതൻ
പരമാർത്ഥമൊന്നു ഞാൻ കെട്ടഴിക്കാം!

*　　　*　　　*

പുലയനാം കേളനാ പാഴ്പ്പറമ്പേകദാ-
മൊഴി ചൊല്ലാ പാട്ടത്തിന്നേറ്റെടുത്തു.
കുടിലൊന്നുയർന്നിതത്യുഗ്രമാം വേനലിൻ
ചുട്ടവെയിൽത്തീമഴ പെയ്യുന്നില്ലേ!
ഉതകുന്ന വേപ്പിൻ നീരാവിയിലാശക-
ളൊരുവിധം രൂപം ഹാ പൂണ്ടപോലെ.
മിനുസപ്പെടുത്താതെ, കുമ്മായം തേക്കാതെ
ചിന്നവുററ പൂഴിമണ്ണന്തി മുററവും
ചതിതർ തൻ ചോരന്നൊലിക്കുന്നൊരു കൂരതൻ
പരിതാപ ദൃശ്യ പ്രതീകം പോലെ.
പുലയന്റെ മാത്രമല്ലിച്ചെററ മാടത്തിൻ
പിറവിക്കായ് തൂകിയ പ്രാണ രക്തം!
പുലയിയാം ചിരുതതൻ കറയററ യത്നവും
പരിചിലിതിനെപ്പുണർന്നിരിപ്പൂ!
ചിരുതയും കേളനും ദമ്പതിമാരവ-
രൊരു കാട്ടുപൂവിന്റെ രണ്ടിതൾകൾ.
ഒരു മണി എന്നതൻ കമ്പികൾ മാതിരി
യൊരു മട്ടിൽ വർത്തിക്കും സ്പന്ദനങ്ങൾ!
എലി, പെരിച്ചാഴികൾ, പാമ്പുകൾ കീരികൾ
ചിര കാലമായ് കുടി പാർത്ത മണ്ണിൽ,
കുഴികളും, പോടും ഇടക്കിടെ മുൾപ്പട-
പ്പിയലുന്ന മൊറതയും, ക്ഷുണ്ണമെന്ന്യേ
ഒരു വാഴത്തൈ പോലുമില്ലാതിരുന്നൊരാ-
തരിശായുറങ്ങിക്കിടന്ന മണ്ണിൽ, *

KOTTAYAM PUBLIC L...
KOTTAYAM

കിണറൊന്നു തീർത്തതോടൊപ്പമായങ്ങെങ്ങാ
കിളരുകയായെങ്ങും സസ്യ ലാസ്യം!
തല നീട്ടി വെള്ളരി, കക്കിരി, കമ്പള
ത്തളിരുകൾ, പച്ചപ്പുകകൾ പോലെ.
നിഴലിൻെറ സില്ക്കു വിരിപ്പിട്ടു നില്ക്കയായ്
നിരയായി പൂഗങ്ങൾ, പ്ലാമരങ്ങൾ;
നിരുപമ ശീതള ശ്യാമള കാന്തിയിൽ
പരിസര ഭാവം പകർന്നു പോയി;
മുരടിച്ചു നിന്നൊരു നാരിതൻ യൌവന-
മൊരു യുവാവിൻെറ സംസ്പർശനത്താൽ
മദ മധുരോത്സവം കുതുക വികസ്വര-
മണിയുന്ന പോലെ നവ ചൈതന്യം!
    കൊതിതോന്നുമിപ്പൊഴാ പുൽമാടം നില്ക്കുന്നോ-
രിടമൊന്നു കാണുകിലേതൊരാൾക്കും.
കവിതകൾ മൊട്ടിടും കവിയല്ലെന്നാകിലും
കരളിടിപ്പുള്ളതാമേതൊരാൾക്കും!
    കുളിർ ചോലച്ചേലതൻ നീലച്ചുളികളിൽ-
ക്കിളരുന്നച്ചുഴിയിൽ കുളിച്ച തെന്നൽ
കലവികൾ തൂകിക്കൊണ്ടപ്പച്ചപ്പററത്തിൽ
കിളിനാദപ്പൊയ്കയിൽ സഞ്ചരിച്ചു!
കദളിക്കടപ്പനിൽ ഞാന്നു കിടന്നിളം
മധുര മരന്ദം നുകരുമണ്ണാൻ
മടിയിൽ വെൺനാണ്യം കിലുങ്ങുന്നമാതിരി
മതിമറന്നാഹാ ചിലച്ചുപോയി!

പ്രഥമ പ്രസൂതിതൻ നോവുമാഹ്ലാദവും
കുടിലിനതേകി സീമാതിരേകം!
ഒരു ദിനമുച്ചക്കൊടുംവെയിൽ പെയ്യവേ
തറയിലൊരേടത്തിരുന്നു കേളൻ
പുലയിയെ—തൻ ചിത്തത്തങ്കക്കുടത്തിനേ
കളിയായിക്കണ്ണേറിഞ്ഞോതിയേവം:—
"തെരവോണമെത്തമ്പാ ചാളയിൽ, നാലഞ്ചു
മാത്തങ്ങളെങ്ങാനൊം പോയടമ്പാ
അയകത്ത നെൻറയി പൊമ്മക്കയെത്തില-
ന്നണിയക്കൊം ഞാനാരു പൊന്നുമാലാം.
ഒരു ചെല്ലു ബ്ലൌസ്സും ഞാ തൊന്നിക്കും നെന്നടെ
കരിമൊല മോട്ടവാൻ വെള്ളിപ്പെണ്ണേ........"
അതുകേട്ടു കപ്പിവള്ളകൾ കിലുങ്ങും പോ-
ലവളോതി, ഭ്രൂലത ചെററിളക്കി:-
"അതുമെതം പൊന്നാരം ചൊല്ലാണ്ട വല്ലതും
ഗുണമൊള്ള വർത്താനം ചൊല്ലരുതാ-
പൊലയിക്ക് മാലയും ബ്ലൌസ്സും കൊപ്പായവും-
പതിപണ്ടാ തെയ്‌വം വെദിച്ചിട്ടണ്ടാ........"
ഒരു ഞൊടി മൌനം ഭജിച്ചവൾ തന്നെയ-
ങ്ങരിയാടി വീണ്ടു,മൊരുൾത്തുടിപ്പാൽ.
"ചൊല വരാറായൊര വായക്കൊരോണിട്ടാൻ
കെടതി പെണഞ്ഞാ തൊടിഞ്ഞു വീയും........"
കളിയാക്കാനേതോ പഴുതു ലഭിച്ച പോൽ
കിളിമൊഴിയാ ളോതുരച്ചാനവൻ:

“പയമാകും ബാലത്തെ ബൊതിവള്ളമിപ്പയെ-
പൊയപോലെ നാക്കത്തലിച്ചു വല്ലാ........”

പരിഭവ ഭാവം നടിച്ചവളാമുഖം
പിറകേ തിരിച്ചു കഥിച്ചിതപ്പോൾ:-
“ബളിയാണ് നെങ്ങക്ക് കാര്യം പറമ്പയും
പെരിയും പൊന്നാരവും പണ്ടു തന്നാ........”

“ഇടയല്ലേ പൊന്ന് ശിരതേ നീ”യെന്നവൻ
മടിയിൽ പിടിച്ചു കിടത്തി മന്ദം
അവളുടെ രണ്ടു നുണക്കുഴി തഞ്ചുമാ-
കവിളിലിലവൻ പെയ്തു ചുംബനങ്ങൾ.
പുതുമഴയേററൊരു കുരുമുകുളം പോൽ
പുലയിക്കു ചിത്തമുലഞ്ഞിതപ്പോൾ.
സുഖദ രാഗപ്രദ വേണു ഗാനോൽ ഫുല്ല-
സ്സുരലോകമൊന്നു തുളുമ്പി ചുററം.
ഒരു കോടി സ്വപ്നങ്ങളിരുവരുമൊപ്പമാ-
യൊരുവേളകൊണ്ടുടനാഞ്ഞു പുല്കി.
മിഴിയിൽ, മനസ്സിൽ, ഞരമ്പിനുമപ്പുറ-
മൊഴുകിയതിന്റെ രസത്തരികൾ.
യുവതതൻ പരിവേഷ മണ്ഡലമിങ്ങനെ
ഭുവിയിലെന്നെന്നും രചിപ്പൂ നാകം........

അറിയാതെ യങ്ങിനെയുൻപോയ് നാളുക-
ളിരുളും വെളിച്ചവും വീശി വീശി.
ഒരു ദിനമന്തിയിൽ തേന്മാവിൻ ചില്ലമേൽ,
നവ മധുമാസ സമാഗമത്തിൽ.

തളിരുണ്ടിരിക്കുമിണയോടു പെൺകുയിൽ
കളിയായിട്ടെന്തോ കഥിച്ചു കാതിൽ.
മിഴിചാച്ചു കൊക്കൊന്നുരുമ്മിയതിനെഴും
മൊഴിയായിട്ടപ്പികം—ഗാനപേടം.
സുര പഥത്തോളം വിചാരമുയരുമ്പോൾ
വറുതി വരാമേതു ഭാഷകൾക്കും!

ദിവസങ്ങ,ളാഴ്ചക,ളാണ്ടുകൾ പിന്നെയും
നിമിഷങ്ങൾ പോലെ കൊഴിഞ്ഞു പോയി.
ഇതിനുള്ളിൽ മൂന്നു കിടാങ്ങളെ പെററുപോയ്
മധുരാംഗി—കേളൻെറ പ്രേമധാമം!

കടിഞ്ഞൂൽക്കിടാവിനെ 'തേവ'നെന്നാണവർ
കൌതുകം പൂണ്ടു വിളിച്ചു പോന്നു.
അനുജനെ 'ചാത്തൻ'—അവൻെറ ഇളയതൊ-
രനുജത്തി 'കാളി' എന്നിട്ടു നാമം.
ഒരു കഴിഞ്ചൊന്നിനും മാംസമില്ലെങ്കിലും
ചെറുമനക്കുഞ്ഞുങ്ങൾ കൺമണികൾ
അവരുടെ നേരിയ മന്ദസ്മിതങ്ങളി,
ലവരുടെ പിഞ്ചിളം കാല്യവാസ്സിൽ,
അച്ഛനെന്നോതുമാ ചേലഞ്ചും കൊഞ്ചലിൻ
സ്വച്ഛ പീയൂഷ കണികകളിൽ
കരളിലൊരായിരം കോരിത്തരിപ്പുകൾ
കളിയാടി വന്നു തിരയിളക്കി!
പറയാവതാണോ പെററമ്മക്കു പിന്നെയാ-
ചതിരുകളോടുള്ള സ്നേഹഭാരം?

വളരും സ്വാത്ഥത്തിൻെറ
        കക്കശ പ്രമാദങ്ങൾ
ജ്വലിക്കും മിഴി നട്ടു
        നടന്നൂ ചുഴലവും
നാടിനെ പാലൂട്ടുന്ന
        പണിയാളുകളുടെ
ചൂടെഴും രക്തം കൊത്തി
        ക്കുടിക്കാൻ ദാഹത്തോടെ
ചൂഷണം കലത്തൊഴി-
        ലാക്കിയോരക്കുട്ടർ തൻ
ഭൂഷണമത്രേ, കൊള്ള
        ചെയ്യുതു മനുഷ്യത്വം!

*        *        *

പറയുന്നിതധികൃത ഗവ്വത്താലൊരു ദിനം
പുലയനെ മുന്നിൽ വരുത്തി ജന്മി!
"പഴയ പാട്ടത്തിനു പറവകില്ലിനിമേലിൽ,
പുതിയൊരു പാട്ടം ഞാൻ നിശ്ചയിച്ചു.
തിരുവോണമെത്തുമ്പോളൊരു പാട്ടക്കലയും നീ
ശരിയായിവിടെ യെത്തിച്ചിടേണം........"

ഉരിയാടാനക്ഷരം തടവാതനുക്ഷണം
ശരമേററ പോലവൻ നിന്നു പോയി.
ഉമിനീരു വററിയക്കണ്ഠം തളന്നവ-
നൊരു വിധം പിന്നെയുണത്തിയേവം:

"അടിയങ്ങളകതികൾ പാവങ്ങളാണസ്രാ-
അവിടന്നീപ്പാട്ടം ഖയററിടല്ലാ........"
"ഇതിനിഷ്ടമില്ലെങ്കിൽ കുടിൽ വിട്ടുപോകാ"നാ
ണതിന്നു മറുപടിയോതി ജന്മി.

അതിനൊന്നുമുത്തരം ചൊല്ലിയില്ലസ്സാധു-
പതിത വർഗ്ഗത്തിൽ പിറന്നോനല്ലേ?
പണിമാത്രം ചെയ്യുവാനുടയോൻെറ ദൈവങ്ങൾ
പണിതീർത്തയച്ചൊരു സത്വമല്ലേ?
മഴയിലും, മഞ്ഞിലും, കാററിലും, ചൂടിലും
വയലിലെ ചേററിലേക്കുള്ളോനല്ലേ?

കരുതുന്നിതവനുടെ കൂട്ടരെ മേലാളർ
വെറുമിരുകാലികളായി മാത്രം........

കളവും, ചതിയുമറിയാത്തോരിദ്ദീന-
കുലജാതരെല്ലാം ഹാ! പട്ടിണിക്കാർ.
പണമൊക്കെ കുന്വാരം കൂട്ടിയ സ്വത്തുകാർ
ഹൃണയററ വഞ്ചകർ—മർത്ത്യകന്മാർ!
നിയതിതൻ മൂടുപടങ്ങളണിഞ്ഞവർ
അധികാര കോട്ടകൾ കെട്ടി നീളെ.
ശിലയായി നില്ക്കുമാ മാമൂലിൻ ദൈവമേ,
ചെറുവിരൽ പോലുമനക്കിടാത്തോൻ!
(എവിടെയാണല്ലെങ്കിലീശ്വരൻ—ഇന്നോള-
മൊരു നോക്കൊരുവരും കണ്ടിടാത്തോൻ!)

പ്രകൃതത്തിൽ നിന്നല്പം വ്യതിചലിച്ചീടിലും
പരമാർത്ഥമെന്തെന്നു ഞാൻ തുടരാം.

ഒരുമിച്ചൊരേമട്ടിൽ കൈകോർത്തു പോയിടാം
വരു വരു വായനക്കാരെ നിങ്ങൾ........
ഇടനെഞ്ചുരുകി നിരന്തരം വേലചെ-
യ്തവരപ്പറമ്പിൻ പാട്ടമേകി.
നെടിയൊരു നേന്ത്രപ്പഴക്കുല പോരാത-
ത്തിരുവോണമൂട്ടാനും കാഴ്ച നല്കി!

* * *

തെളിവെയിൽപ്പട്ടുടുത്തദ്ദിന ഗാത്രികൾ
പലതും പ്രതീചിയിൽ പോയ് മറഞ്ഞു.
ദിവി ചാർത്തി സപ്തവർണ്ണാങ്കുര മാരിവിൽ
ഭുവന മിഴികളിൽ പാലൊഴുക്കി.
മുകിൽ കൊമ്പനാനകൾ മിന്നൽപ്പതക്കങ്ങൾ
മുഖശിലാതല്പത്തിൽ ചാർത്തി ഭംഗ്യാ
പടഹധ്വനികളാ ദിക്കിലപ്പോഴൊരു-
പരമോത്സവാരംഭമെന്ന പോലെ.
മയിലുകൾ പീലി വിടുർത്തി നിന്നാടുന്നു
മരതകക്കുന്നിൻെറ താഴ്‌വരയിൽ
ഇണകളൊത്തിരവിൻെറ മാകന്ദത്തോപ്പിൽനി-
ന്നൊഴുകുന്നു കിളികൾ തൻ കളകളങ്ങൾ.
ഇഴയിട്ടമാർഗ്ഗ്ഗാദക്കിരണമണിഞ്ഞുകൊ-
ണ്ടൊരു ഋതു ദേവി വിലസി യേവം!

..............................................

അവിടെയജ്ജന്മിതൻ മണിമേട തന്നില-
ന്നതിരററോരാനന്ദ വിങ്ങലത്രേ.
മധുരാംഗി പുത്രിയാം 'കോമള വല്ലി'ക്ക
മണവാളനെത്തും വിവാഹാഘോഷം!
....പ്രഥമൻ തുടങ്ങിയ ഭോജ്യ വസ്തുക്കൾതൻ
സ്തുതിപാടിയെച്ചിലപ്പട്ടിപോലും.

*　　　*　　　*

പുലയ മാടത്തിലോ....പനിയുമരിശസ്സ-
മസഹനീയോല്ലൂട പട്ടിണിയും!
വെയിലേററു വാടിയ താമരത്തണ്ടുപോൽ
വിളറിച്ചുടച്ചാ കിടാങ്ങൾ മൂന്നും
ഒരു തുള്ളി കഞ്ഞിക്കരുകുന്ന വേളയി-
ലുരിയാടാനാകാത്ത സങ്കടത്താൽ
ബത! രണ്ടു കരളുകൾ തകരും തകച്ച്തൻ
പ്രസ്തമര മാറെറാലി പൊങ്ങുകയാം.
വിചികിത്സ തോന്നിയവക്കനുരാഗങ്ങൾ
വികസിച്ചു ചുംബിച്ചായാമിനികൾ.
കുളിർ നിലാവോലുന്ന വേളകളെന്തിനാ-
ക്കരളിൽ പകൻപോയ് തേൻ കണങ്ങൾ?
നിയത ശതാബ്ദങ്ങൾ പിന്നിട്ട നീണ്ടൊരു
നിഴലെന്തിനവരേയും പിന്തുടർന്നു?
പണമുള്ളോരെന്ന്യേയഗതികളാരാനും
പ്രണയ വികാരങ്ങളോമനിച്ചാൽ

ഇതു താൻ ഗതിയെന്നക്കുടിലിൻെറ മാനസ-
മുരുവിട്ടു നിശ്ശബ്ദതേങ്ങലോടെ!
....ഒടുവിലവരുടെ കാളിപ്പെൺ കുഞ്ഞിനെ
കഠിന ഭ്രഷ്ക്കാല കരാള വക്ത്രം
അപഹരിച്ചത്രേ വിടവാങ്ങി,പ്പുൽമാട-
മഴലിൻെറ കണ്ണീരിലാഞ്ഞു തള്ളി.
(ഇഴഞ്ഞുപോയി പീറ പാഴ്ഞ്ഞുണി വാരിക്കെട്ടി
നനഞ്ഞു കുതിന്നു നാളമ്പട്ടിലെട്ടോ പത്തോ
ബുദ്ധിയിലിളകുന്ന കടന്നൽക്കൂട്ടം ചുമ-
ന്നെന്തെന്തുവ്യാമോഹങ്ങൾവളന്നീലിതിനുള്ളിൽ)

*    *    *

കുടിൽ വിട്ടു പോകുവാൻ കല്പിച്ചു കേളനോ-
ടിടിവെട്ടും മട്ടിലജ്ജന്മിയന്നാൾ.
"പുടമുറിച്ചുമട'വന്നെത്തിച്ചില്ലെന്നൊരു
തൊട്ടുന്യായമുണ്ടതിനുന്നയിക്കാൻ!
ഇരു കയ്യും കൂപ്പി വിനയ പുരസ്സര-
മിടറുന്ന കണ്ഠമോടപ്പുലയൻ
കുടിലിലെ ഞെട്ടിക്കും സംഭവമൊക്കെയും
കരൾ വിങ്ങിപ്പൊട്ടിയുണർത്തി മന്ദം!
കഴിവതും വേഗം ചുമടൊന്നു നല്കാനും
പിഴയായിട്ടപ്പാവം സമ്മതിച്ചു........

*    *    *

"തയയൊള്ള തറവാടിയാണടി പൊന്നമ്പ്രാൻ
മരിയാതക്കേടൊന്നും ചെയ്യവേലാ...."
കല്യഷ വിഷാദാഗ്നിയള്ളിപ്പടരുന്ന
പ്പുലയി തന്നുള്ളം കുളിരണിയാൻ
പുലയനറിവുള്ള ഭാഷതൻ തേന്മഴ-
പെയ്തതാണത്രേയീവാക്കുസ്സമൂഹം!
കുടിലിൻെറ മുററത്തെ പുളിമാഞ്ചുവട്ടിലെ
കുളിർ നിഴൽ നീർത്തി വിരിച്ച പട്ടിൽ
കഴലല്ലം മുന്നോട്ട നീട്ടിക്കനിഞ്ഞിരു-
ന്നൊരു വട്ടി നെയ്യുമവരംക്കെന്നിട്ടും
ഫണമുയത്താട്ടകയാണൊരു സംശയം
മനമാകെയേതോ വിഷം കലത്തി!
"പറയണ്ട് പൊരഷാരം പണ്ടേയിത്തമ്പ്രമ്മാർ
ഞെറികെട്ട കാട്ട മൃകങ്ങളെന്നു"
അവനുമറിഞ്ഞിടാ മക്കായ്മമാകയാ-
ലവനേതോ മൌനത്തിലാണ്ട പോയി.
പുകയുകയാണൊരു തീമല പാവത്തിൻ
പ്രമഥ മനസ്സിൻെറ നെഞ്ചിടിപ്പിൽ....
പലതുമുപായങ്ങരം ചിന്തിച്ച ചിന്തിച്ച
പുലയിതൻ ചിത്തമലഞ്ഞിതെങ്ങോ?
സമമാകാതങ്ങോട്ടമിങ്ങോട്ടം ചാഞ്ചാടി
സമയത്തുലാസിൻെറ തട്ട രണ്ടും!
ഒടുവിലവളൊരു പോംവഴി കണ്ടെത്തി
യുദയരേഖോപമം കൂരിരുട്ടിൽ.

അശുഭങ്ങളൊന്നും ഭവിക്കാതിരിക്കുവാ-
നലരിച്ചുവട്ടിലെ ദേവിക്കായി
കലശം കഴിക്കുവാനൊരു പൂവൻ കോഴിയെ
കരുതിയുഴിഞ്ഞിട്ടു ഭക്തിപൂർവ്വം.

*　　　*　　　*

കലശത്തിനായനുഴിഞ്ഞിട്ട പൂവൻെറ
കഥ കേട്ടാലാരും ചിരിച്ചുപോകും.
ഒരു പുലർ വേളയിൽ, മേടയിൽ ജന്മിയാ
പര്യങ്കം വേർപെട്ടെണീററ നേരം
കണികണ്ടതതിനെയാ,ണല്ലൂ വേലിക്കരികെനി-
ന്നിണയെയാകർഷിപ്പാൻ കൂകി പോലും....
....നറു ചെമ്പരത്തിപ്പൂവിതളൊത്ത താടയും
ധരിത തലപ്പാവും, കൂർത്ത കൊക്കും,
ഇളനീല,കുങ്കുമ, പച്ച,പ്പും മഞ്ഞകൾ
നലമോടിഴയിട്ട നെയ്ത്തു പോലെ
മഴവില്ലിൻ ചിത്രവർണ്ണങ്ങളെ വെല്ലുമാ-
റഴകെഴും പഞ്ഞി നേർത്തൂവലുകൾ
അരിമയാൽ മേളിച്ചിണങ്ങിയതെങ്കിലു
മസുലഭ, ലഭ്യമാ ദർശനത്തെ—
ഒരു നാളും താക്കോൽ കൊടുക്കാതുഷസ്സിൻെറ
വരവറിയിക്കും ഘടികാരത്തെ—
ഇരവിൻെറയിരുളാട്ടും നടനക്കൂടാരത്തെ
പറപറപ്പിക്കും പ്രഘോഷനത്തെ

അലസസുഷുപ്തിയെയാട്ടിയകററുന്ന
വിലസൽ നവാദശ് ചേതനയെ—
കറിയാക്കി—മണമുള്ള വേപ്പില ചേർത്തയാറം
കറിയാക്കിപ്പൂവനെക്കണ്ണുമാക്കി!
നരയു,മുറമ്പു,മസഹ്യമാം ഗന്ധവും
പുളിയും കലൻപ്പഴയ മദ്യം
ഒരു കവിറം മോന്തി, സമ്പ്രീതിയാൽ കണ്ണുകറം
പകുതിയടച്ചയാറം ചൊല്ലി പിന്നെ:
"കുറവാണു മൂപ്പല്ലമെങ്കിലും കള്ളിനു
പുലയൻെറ ഇപ്പൂവൻ കൊള്ളാമല്ലോ."
കുടിമൂത്തു മൂത്തു ലഹരി തലക്കകം
ചടുല ഭൂകമ്പം തുടങ്ങിയപ്പോറം
അറിയാതെ നാക്കിൻെറ തുമ്പത്തു നിന്നൊരു
കിരുകിരുപ്പുണ്ടായി പാട്ടു പോലെ.
"സര സര സര സര സാരി ഗമ_
സരഭസ സരഭസ സീതഗമ
ഗനിസമ മധധനി നിസഗമയ
ഗമ ധനി സസഗസ രാമഗമ........"
ചെറിയൊരെലമ്പും നുണയുവാൻ കിട്ടാതെ
യരികെ യൊതുങ്ങിയ പൂച്ചക്കുട്ടി
പ്രതിഷേധം മ്യാം മ്യാം സ്വരത്തിലറിയിച്ചു
പരിഭവം വല്ലാത്ത നോട്ടത്തിലും.

* * *

വെയിലും വെളിച്ചവും രാവുമിരുട്ടമായ്
വികസിച്ചമൻ പോയ് വാസരങ്ങൾ.
ശബളിത സങ്കല്പ മാരിവിൽച്ചാത്തുകൾ
വിരചിച്ച വാററിയ പൂങ്കിനാക്കൾ
പരിചിൽ പിഴിഞ്ഞെടുത്തുള്ളൊരു ചായത്തിൽ
പരിമളം വാൻപോയ് വാൻപോയി.

.........................................................................

ഇരവിൻെറ ചപ്പില കത്തിച്ച പൂർവ്വാഹ്നം
നവതാരാ കഞ്ഞി കുറക്കിട്ടമ്പോൾ
പതിവുപോലന്നും പണിക്കപോയ് കീറപ്പായ്
പകുതി ചുരുട്ടിയദ്ദമ്പതികൾ........
പകലിൻെറ ചെങ്കൊടിക്കുറകൾ വിണ്മേട
മുകളിൽ പറന്നു കളിച്ച ദൂരെ.
വിരത രാഗാന്വിതം തരുനികരങ്ങളിൽ
മരുവി പറവകൾ ചിറകൊതുക്കി.
അകലെ നിന്നോടി വരുന്നിതാ വേളയി-
ലവരുടെ പൊന്മകൻ കുഞ്ഞിത്തേവൻ.
ടിടിടിടി ശബ്ദമാ നെഞ്ചു ഞെരുക്കിലും
ഇടറിത്തെറിച്ചിതൊട്ടിട്ടാക്ഷരങ്ങൾ:
"കൊടിയെടം....തീവെച്ച തമ്പ്രാ"നതോതവേ
കിടിലമക്കുഞ്ഞിക്കഴുത്തു ഞെക്കി!
പണിനിത്തിപ്പാഞ്ഞവരെത്തിയ വേളയിൽ
പുരയില്ല,ത്തഴയില്ല,ച്ചുമരുമില്ല!
കുല തോളിലേന്തിയച്ചെറുവാഴക്കൂട്ടമാ-

ണിലകറം പുതച്ചങ്ങു നിന്നിടുന്നു!
"പടിപുറ"ത്തെത്തിയപ്പണിയാളനോടൊരു
പരുഷസ്വരമങ്ങലറി വീണു.
"അതുപറാനതികാരം തമ്പ്രാനെല്ലന്നുടെ
കൊടിയെടം തീവക്കാനന്തുകാര്യം?"
അരിശത്താലവന്നുടെ രക്തം തിളച്ചപോ-
യൊരു കൊടുങ്കാററായി മാറിയവൻ!
പ്രതികാരത്തീക്കനൽ കത്തിജ്വലിക്കയായ്
പ്രളയമിരമ്പുമാ കണ്ണുകളിൽ.
ഫലമെ,ന്തതിന്നുള്ളിൽ ജന്മിതൻ സേവകർ
പുലയൻെറ കാർമെയ്യിൽ ചാടി വീണു.
ഒരു കുപ്പി കള്ളിന്നു വ്യക്തിത്വം വില്ക്കുന്ന
പരികരബദ്ധരാം കാവൽ നായ്ക്കറം!

*  *  *
*  *  *

കരുതിക്കളംപോലെ ചോര വാർന്നൊഴുകിയ
ച്ചരുറം മേഘങ്ങറം ചിന്നിക്കിടക്കും സായംതീരം
പകലിന്നവസാനമെഴുതിപ്പിടിപ്പിക്കേ,
പുകയും പീറപ്പഞ്ഞിക്കാട്ടമായ് വാനംനില്ക്കേ,
മിഴിയിൽ മുള്ളാണികളാഞ്ഞൂന്നിത്തറക്കുംപോൽ
മറക്കാനാകാത്തൊരു ദാരുണ രംഗം കാണ്മായ്.
ഇടങ്കാലൊടിഞ്ഞൊരപ്പുലയൻ, കയ്യിൽ മുള
വടിയൊന്നൂന്നി,യർദ്ധനഗ്നനായ് പ്രാഞ്ചിപ്രാഞ്ചി

വയററിൽ ഗർഭസ്ഥശിശുവനങ്ങും പുലയിയും,
അവൻെറ ചിത്തത്തുടിപ്പുയരും കിടാങ്ങളും
ഒന്നിനു പിറകേ പോം കരിമേഘങ്ങൾ പോലെ
കണ്ണുനീർ തളംകെട്ടി നീങ്ങി പാതയിലൂടെ!
മഞ്ഞുതുള്ളികൾ വാക്കും പ്രകൃത്യംബതൻ മുഖം
മന്ദമക്കൈലേസിനാൽ തുടച്ചു നിശാംഗന.

പൊന്നരിവാളൊന്നുരിവീണപോലൊരുചോദ്യ
ച്ചിഹ്നമിട്ടെത്തി വാനിലമ്പിളിക്കീറൊന്നപ്പോൾ.
നിമിഷങ്ങൾതൻനേത്രത്തിലിൽഹാമൗന
ത്തിൻെറ
നെടുനിശ്വാസം ചുററി, മങ്ങിപ്പോയ് താരായൂഥം!

* * *

കാരണമിതിനെല്ലാമെന്തെന്നോ, യഥാർത്ഥത്തി-
ലാരുമേ, മുഖമൊന്നു കുനിക്കുമെത്ര കേൾക്കേ!
ഒരു നാൾ ജന്മികളിൽ തല പൊക്കിനാനൊരു
ചെറിയ മോററം, തുടന്നായത്ര വളന്നു പോയ്!
അക്കാര്യസിദ്ധിക്കായി സമ്മതം മൂളീലാ പോ-
ലസ്സാധു പുലയിതൻ ജന്മത്താഭിമാനം!
തന്നെയുമല്ല്യ തെല്ലും വിറക്കാതവളോതി:
"തമ്പ്രാനെല്ലല്ല്യ നാണം—നെക്കാണെ
പൊക്കൊളളാണു ...."
"നിന്നെഞാൻ പഠിപ്പിക്കും തിയ്യിട്ടുംമാടംചുമ്മാ
തെന്നോടു കളിച്ചെന്നാൽ" കൂസിയില്ലവളേതും.
അതിൻെറ ഫലമത്രേ,മിഴിനേരാവുണ്ടാക്കുമീ
കദനം കൊളുത്തുന്ന ദാരുണ വികാസങ്ങൾ!

## രണ്ടു്

ചൂളംവിളിച്ചുകൊണ്ടെത്തുന്നിതോർമ്മകൾ
ചൂരൽ വടികൊണ്ടടിക്കുന്ന മാതിരി.
മർമ്മ വിഭേദനം ചെയ്തു മായാത്ത
മുദ്ര പതിച്ചു കിടക്കയാണിപ്പൊഴും!

ദുഷ്ടനാം ജന്മി പെരുവഴിയാക്കിയ-
കൊച്ചു കുടുംബത്തെപ്പററി ഗ്രഹിക്കുകിൽ
കില്ലില്ല ഞെട്ടിത്തെറിച്ചിട്ടുമാരുമേ;
കല്ലിൻ കരളുമലിയും കരുണയാൽ.

കാററിൽ കരിയില പോലെ ചുഴന്നതി
യാത്രരായങ്ങിങ്ങലഞ്ഞു കുറച്ചു നാൾ
അക്കുടുംബ,മസ്ഥിപഞ്ജരപാതതൻ
വക്കിലൊരു മരച്ചോട്ടിലായ് താമസം!
ഏററവീണിതെരിത്തീവെയിൽ ചുററിലും
പച്ചക്കുട പിടിച്ചത്തരു നില്ക്കിലും.
കാർകുലം പേമാരി പെയ്തിതിടക്കിടെ
നീർക്കുടം കൊണ്ടു ചൊരിയുന്ന മാതിരി.
അല്ലലിന്നാവാസ ഗേഹമായാമര-
ത്തിൻെറ ചെറിയ കൈച്ചില്ലകൾ പോലുമേ.

പട്ടിണി നിത്യം കൊടുമ്പിരി കൊൾകയാ-
ണൊട്ടിത്തളർന്നോരുദരമോരോന്നിലും.
ഓരോ ഞരമ്പും വലിച്ചു ചീന്തി,ജ്ജഠ-
രാഗ്നിതന്നംസുള ക്രൂര നഖക്ഷതം.

പ്രാണതന്തുക്കളെ നുള്ളി നോവിക്കുന്ന
ഭീകര കാഴ്ചതാനെങ്ങു നോക്കീടിലും
ഞെട്ടിത്തെറിപ്പിച്ചുകൊണ്ടു നിമേഷങ്ങൾ
മുട്ടിയുരുമ്മിക്കടന്നുപോയ് മെല്ലനെ.

വയ്യാ പുലയനനങ്ങുവാൻ കൂടിയും
മെയ്യാകെ തിന്നുന്ന വേദന കാരണം.
നീരും തടിപ്പുമുണ്ടക്കണം കാലൊന്നു
നീർത്തിയിട്ടിപ്പോളൊരാഴ്ച കഴിഞ്ഞുപോയ്.
താങ്ങുവാൻ രണ്ടു കയ്യെത്തുകിൽ, മൂകനായ്
ദൂരേക്കു നോക്കിയിരിക്കും കുറച്ചിട
അല്ലെങ്കിൽ കണ്ണീരൊഴുക്കിക്കിടന്നിടും
വല്ല കൊതുകുകൾതൻ മൂളലും കേട്ട ഹോ!

തെണ്ടിത്തിരിഞ്ഞു കിടാങ്ങൾ വല്ലപ്പൊഴും
കൊണ്ടുവരും കഞ്ഞിവെള്ളമൊരിത്തിരി.
ചുട്ടു വരണ്ടു പിളർന്നു കിടക്കുമാ
കണ്ഠനാളത്തെ നനച്ചു കുതിക്കുവാൻ.

അന്നസ്തമിക്കുന്ന സൂര്യന്റെ പൂങ്കവി-
ളൊന്നു തുടുത്തു വിളർത്തുപോയഞ്ജസാ.
ഞെട്ടററു വീണ പകലിന്റെ ചെഞ്ചുണ്ടിൽ
പററിക്കിടന്നൊരാ തങ്കമരീചികൾ.

..............................................................

"വെള്ളം....." ഉണങ്ങി വരണ്ട പുലയന്റെ
വക്ത്രത്തിൽ നിന്നും തെറിച്ചു രണ്ടക്ഷരം.
പൊട്ടിയച്ചട്ടിക്കലത്തിലെ ജീവനം

ചൊറവു ധൃതിയിലെടുക്കവേ ഗേഹിനി
രണ്ടായ് പിളൎന്നതിലുള്ള നീരത്രയും
മൺപൊടിയിങ്കലൊഴുകിപ്പൊട്ടുന്നഹോ!
എന്തു ചെയ്തീടണമെന്നറിയാതവൾ
നൊന്തുരുകുന്ന ഹൃദയ വ്യഗ്രയുമായ്
നിന്നിതിരുൾപ്പാട തിങ്ങും മിഴികളേ
തന്നാത്മനാഥൻെറ നേൎക്കയച്ചുകൊണ്ടേ!
ആലംബഹീനം ചലനമററുള്ളൊരു-
നീല ശിലാതലം പെററ പ്രതിമ പോൽ.

നാവിൻെറ നാരുകൾ പിന്തി വലിക്കുന്ന
ജീവൻെറ ദാഹം സഹിക്കാതെയക്ഷണം,
താൻ താലികെട്ടിയ പെണ്ണിനോടസ്സാധു-
വീണ്ടുമിരന്നിതൊരു തുള്ളി നീരിനായ്!
മണ്ണിൽക്കിടന്നു പുരണ്ടു കാലിട്ടടി-
ച്ചക്ഷമനായാംഗ്യമോരോന്നു കാട്ടിനാൻ!
എന്തുചെയ്യാം.... മക്കളെങ്ങുനിന്നോ ജലം
കൊണ്ടുവന്നച്ഛനേകുന്നതിൻ മുമ്പഹോ
ചെഞ്ചില്ലുകൂട്ടിൽ പിടിച്ചിട്ട മിന്നൽ പോൽ
ചെമ്മേ കിടന്നു പിടഞ്ഞിതക്കണ്ണുകൾ!
ഒററ ഞൊടികൊണ്ടടഞ്ഞുപോയ്, തീൎന്നു, താ-
ഹൃത്തടസ്പന്ദമെന്നേക്കുമായ് നിന്നുപോയ്!

..........................................................

എല്ലാം കഴിഞ്ഞു — കഴിഞ്ഞു സമസ്തവും
ഫുല്ലമാകാതൊരബ്ബുദ്ബുദ ജീവിതം!

ഇല്ലിനി,യാനെഞ്ചിടിപ്പു കേൾക്കില്ല നാം
ഇല്ലാ മനസ്സിൻെറയാക്രോശനങ്ങളും.
ഗദ്ഗദത്തിങ്കൽ പൊതിഞ്ഞ വിഷാദവും
നിർഗ്ഗളിക്കില്ലിനി മന്നിലൊരിക്കലും!

## മൂന്നു്

ചാരിമ സ്ഫുരിച്ചുനില്ക്കും മാരി വില്ലുപോലെ
പാരിലുള്ളാനന്ദസാരം മാഞ്ഞുപോകും വേഗം!
എത്രവേഗമട്ടിനങ്ങൾ—ഹൃദ്യബന്ധുരങ്ങൾ
വിട്ടകന്നു പോയീടുന്നു പൊൻ കിനാവോടൊപ്പം.

എത്രമാത്രമെങ്കിലും നാം ബുദ്ധിമുട്ടിയാലും
അത്രവേഗം വിസ്മരിക്കില്ലലൊന്നുമാത്രം.
പൊള്ളിടുമതിൻ വിചാരമുള്ളിൽത്തട്ടും നേരം
തിങ്ങുമെങ്ങും പിന്നെ കണ്ണീർത്തൻ ജലപ്രവാഹം!

രണ്ടുനാളിഴഞ്ഞുപോയി രണ്ടുവർഷംപോലെ
കൊണ്ടലും തീ മിന്നലും മുഴക്കവുമായ് ഘോരം.
പേമഴ ചൊരിഞ്ഞു വാതം, കാററലറിച്ചീറി,
ഭൂവിടം കുതിർന്നു തണുപ്പൂറിറങ്ങിയെങ്ങും.

അട്ടിന മനസ്സിലാകെ നൊമ്പരങ്ങൾ തിങ്ങി,
ബുദ്ധിയിലിഴകിനില്ക്കും ചിന്തകൾ കലങ്ങി
അപ്പുലയി പാദപച്ചവട്ടിലന്നും മേവി,
യപ്പുറത്താ നിസ്സഹായം നിന്നു നൃത്തമാടി.

ഹൃദയം നീറുമാറവൾക്ക സങ്കട-
മധികരിക്കുകയായി.

കുടിയിടം വിട്ടന്നിറങ്ങിപ്പോരുമ്പോ-
ളടിവയർ മടിക്കുത്തിൽ
മുഴച്ചിരുന്നൊരാ മൃദുമാംസാങ്കുരം
പരിപൂർണ്ണതയിലെത്തി.
വരിഞ്ഞ പുള്ളുവക്കുടം കണക്കിനെ
നിറഞ്ഞു വീർത്തു മുററി.
പന്തിയല്ലെന്നോർത്തു പാതവക്കിലെ നിവാസം
അന്തിയൊന്നുചാഞ്ഞനേരമന്നവൾ നിശ്ശബ്ദം-
അപ്പുറത്തെ കാവുപോട്ടിലേങ്ങിയേങ്ങി മന്ദം
ഗർഭനോവുമായണഞ്ഞു തേങ്ങിതേങ്ങിച്ചിത്തം!
ഉടുത്ത കീർത്തുണിയഴിച്ചെടുത്തവൾ
നടു — വിലങ്ങനെ ചീന്തി
മറച്ചിതാവിന്റെയിരുവശങ്ങളും,
മിഴിയിൽക്കണ്ണുനീർ മുററി!
മലർന്നടിച്ചവൾ കിടന്നു പിന്നെ,യാ
തളർന്ന കണ്ണുകൾ പൂട്ടി!
ഒട്ടുനേരം തട്ടിമുട്ടി തൊട്ടുരുമ്മി പോയി,
പൊറവുവീണാ പൈതലപ്പോൾ ഹാ കരഞ്ഞു
പോയി!

* * *

ചുട്ടു കിടക്കും ചുടലയിൽനിന്നുമെടുത്തൊരു കനൽ
പോലെ
പൊള്ളും ശിശുവിൻ പൊന്നുടലമ്മ തഴുകി കരത്താലെ!

KOTTAYAM PUBLIC LIBRARY
KOTTAYAM

കുഞ്ഞിക്കാലും കൈയുമിളക്കിക്കരയും പൈതലിനെ
കുഞ്ഞിക്കവിളത്തുമ്മ പൊഴിച്ചവരാം തന്മുലയൂട്ടിടവേ,
അതിനുടെ ചുണ്ടി, ലുടലിലെ മറുവിൽകണ്ണുകളിൽക്കൂടി
തനി പുലയൻെറ ചിത്രമവർകണ്ടൂരാമിഴിയിൽക്കൂടി.
പകരുകയാണവർ തമ്മിലനഘ സ്നേഹാമൃതപൂരം,
പതയുമനർഗ്ഗള, പരിമളമിളിത ജീവിത രസസാരം.
പകരുകയാണവർ മാംസത്തിൻെറയവികലതുടർബന്ധം
പല നൂണ്ടാണ്ടിൻ പടവുകരം പിന്നിട്ടണയുന്നൊരു
ബന്ധം.
അസ്സഹതേൻകനിനുകരാനായീ വെളിയിലെഴുംപവനൻ
സസ്പൃഹമോവിൻ കതകിനു കാവൽനിന്നിതു ജവ
ജവനൻ!
കൈത്തിരിയേന്തിത്താരകരം വിണ്ണിൽനിന്നതുവീക്ഷിച്ചു,
കൊണ്ടലണഞ്ഞാരംഗത്തിന്നൊരു കാർപടമണിയിച്ചു.
യാമിനി, തിമിരം തിരതല്ലുന്നൊരു വൻകടലിൽക്കൂടി
യാനകനൌക, പാതിര കാർക്കൊടി മുകളിൽകിടന്നാടി
പതറിയുലഞ്ഞും, പുലിയെ വിഴുങ്ങിയ പാമ്പിൻ
ഗതിയാനും.
ഇഴയുകയത്രേ, വഴിതിരിയാഞ്ഞും മതിയുടെ രുജയാനും.

.................................................................................

പറയുവതെങ്ങിനെ മനമിടറുന്നൊരുകഥയിനി
ശേഷം ഞാൻ
പറയരുതെങ്ങിനെയിതുവരെനിഖിലം കവനംചെ
യ്യൊരു ഞാൻ

.........................................................................................................

.........................................................................................................

....ഒരു നെടുവീർപ്പിന്നലവന്നോവിൻ ചോട്ടിലെയു-
യിർ രണ്ടും
കരളിലണച്ചു മൃതിയുടെ ചുണ്ടിൽ വിടൎന്നിതു പൂച്ചെണ്ടും.
നിമിഷം! ജീവിത തിരി രണ്ടെണ്ണം കെട്ടു കഴി
ഞ്ഞിപ്പോൾ
നിലവിളിയല്ലോതരുശാഖകളിൽ മൂങ്ങകൾ,വാവലുകൾ!

*   *   *

അന്നത്തെ രാക്കുളത്തും തീർന്നു—കിഴ
ക്കുണ്ണിക്കതിരോനുദിച്ചു.
പക്ഷികൾ പാടിപ്പറന്നു—പാർശ്വ
വൃക്ഷത്തിൽ വല്ലി പടൎന്നു
മന്ദം മരുത്തിലിളകി—മലർ
ഗ്ഗന്ധമൂലകം തടവി.
സംഭവചക്രം തിരിഞ്ഞി-തന്നും
സംഭവിക്കാത്ത പോലൊന്നും!

## നാല്

നീലക്കസവണി ചേലയുടുത്തു
നാളുകൾ വീണ്ടും പോയി.
കാർമഷി കണ്ണിൽ വാലിട്ടെഴുതി
കാലം വീണ്ടും പോയി.

മധുമാസങ്ങൾ പോയി വീണ്ടും
മല നാടിൻെറ മണ്ണിൽ........
കണ്ടോ നിങ്ങൾ തെണ്ടി നടക്കും
രണ്ടു പെറുക്കന്മാരെ.
രണ്ടു പെറുക്കന്മാരവർ രണ്ടു
കണ്ടാമുണ്ടികൾ പോലെ.
ഉററവരില്ലിപ്പിള്ളക്കാക്കും
തെണ്ടലിവക്കൊരു വേല!
ഇവരാ പുലയപ്പിള്ളരത്രേ:
ജീവിക്കുകയാണിന്നും!
ഏതോ ചിന്തകൾ തിങ്ങും കണ്ണിൽ
പേടിയിവക്കൊന്നില്ല.
ബീഡി വലിച്ചും കൊണ്ടാ നാട്ടിൽ
നീണ്ടു നിവന്നു നടപ്പു!
റോട്ടിൽക്കഴിയുമവരെപ്പററി
നാട്ടാരെന്തു കഥിക്കാൻ........

* * *

വഴിമാറേണ്ടുന്നവരെങ്കിലുമവക്കായി
വഴി മാറിയേ പോയി നാടിൻെറ ആചാരങ്ങൾ!

* * *

രക്ത കുങ്കുമാങ്കുര കഞ്ചുകം ചാർത്തി ദൂരെ
അന്തിമേഘങ്ങളിഴഞ്ഞീടവേ വിഹായസ്സിൽ

തിരക്കൈകളാൽ താളം പിടിക്കും കടലെന്തോ-
കരയോടതിൻ സ്വന്ത ഭാഷയിൽ പ്രലപിക്കേ,
വെള്ളി കെട്ടിയ കാര വടിയുമായി ലാത്താ-
നുല്ലാസപ്രിയൻ ജന്മിയിറങ്ങി വെളിയിങ്കൽ.
അക്കൊഴുത്തൊരു ദേഹം തഴുകിയിളംതെന്ന-
ലഞ്ഞൊരു മരക്കൊമ്പിൽ പോയ്യരിയാടിയെന്തോ
അപ്പൊഴുതൊരു ഞൊടിക്കുള്ളിൽത്തൻമുമ്പിൽ, പുതു
വർഷത്തിൻ കനൽപാറം രണ്ടിടിവാൾച്ചീളുപോൽ
പാടി വീണാരാ പ്രതികാരത്തിൻ തീക്കട്ടകൾ
പേടിസ്വപ്നങ്ങൾ പോലെ തേവനും — അനുജനും!
താളുപോൽ തളർന്നുപോയ് ജന്മിതൻ കുല വീര്യം,
ജ്വാലപോൽ കെട്ടാറിപ്പോയ് പൂർവ്വികപെരുമത്വം!
വിഷപ്പല്ലുകൾ പോയ കാളസർപ്പത്തെപ്പോലെ
വിറപൂണ്ടിതേ ഹാ ഹാ, നൂററാണ്ടിന്നഭിമാനം!
ചെഞ്ചോരയുറഞ്ഞുപോയ്, കണ്ഠാഗ്രം വരണ്ടു
പോയ്,
കൺകളിൽ പരിഭ്രമത്തിമിരം നര കുത്തി!
പറയാനൊന്നും തന്നെ തോന്നിയി,ല്ലന്നേരം,നാ
ക്കിറങ്ങിപ്പോയോ, ശബ്ദപേടകമടഞ്ഞുവോ?
അല്ലെങ്കി,ലെന്തോതാനാ,ണിന്നോളമാവർഗ്ഗത്തി-
നെങ്ങുതാൻ മനുഷ്യത്വജന്യമാം പാരമ്പര്യം?
ആർദ്രതയുടെയൊരു ലിപിയാലെഴുതിയോ-
രാത്മാർത്ഥാസ്പദ കുറിപ്പെങ്കിലും ചരിത്രത്തിൽ?

* * *

നിമിഷം നീങ്ങീലതിൻമുമ്പൊരുക്കൂററൻകത്തി
ജന്മിതൻ നെഞ്ചിൻകൂടം പിളന്നു കേറീയുള്ളിൽ.
കാട്ടുപോത്തിൻെറ കൊമ്പുകൊണ്ടേഴും പിടിയുള്ള
കൂത്ത മറെറാരു കത്തി പാഞ്ഞിതക്കഴുത്തിലും!

...............................................................................

ആളുകളോടിച്ചെല്ലേ തളം കെട്ടിയ രക്ത-
ക്കളത്തിൽ പിടയുന്ന ജന്മിയെ മാത്രം കണ്ടു.
വട്ടത്തിൽ കിടന്നഹോ പിടയുമയാളുടെ
യന്ത്യനിശ്വാസമന്തരീക്ഷത്തിലലിഞ്ഞൂറി.
മഞ്ചാടിക്കുരുവൊത്ത കണ്ണുക,ളാലക്തിക-
ബൾബ്ബുകൾപോലെ തുറി,ച്ചുന്തിമുൻനിന്നാ
നപ്പോൾ.

കേട്ടിതന്നേരം ദൂരെ നിന്നൊരു താക്കീതേവം
ചാട്ടവാറിൻെറതുമ്പുകൊണ്ടാഞ്ഞുവീശുംപോലെ:
"ക്ഷുദ്രജീവികളാകും ജന്മിവർഗ്ഗത്തെ പാടേ
കത്തികൊണ്ടരിഞ്ഞിട്ടും സൂക്ഷിച്ചുകൊൾവിൻ
നിങ്ങൾ...."

*　　*　　*

പുലരും മുമ്പേതന്നെ പോലീസിൻ പിടിയി
ലായ്
കൊലയാളികൾ രണ്ടും ചോരക്കത്തികളോടെ.
ചിങ്കിലം പാടും 'കയ്യാമ'ങ്ങളാ കൈയിൽ ചുററി
ജഡ്ജിതൻമുമ്പിൽനിന്നാനവരാ കൂട്ടിന്നുള്ളിൽ.
ഇല്ലവക്കൊരു ലേശമിളക്കം, ലോകം തന്നെ-
പുല്ലാണെന്നാണാ മുഖഭാവമത്രയും ചൊൽവൂ!

ചോദ്യോത്തരങ്ങൾതീർന്നിയമംവിധിയോതി;
ക്കൂട്ടിലിട്ടടക്കുവാനൊരു നിശ്ചയകാലം.
കുററവാളികൾക്കായി നിർമ്മിച്ച കാരാഗൃഹം
സർക്കാരിൻ കൈക്കൊഴ്ച്ചക്കാർ തന്നുടെയനുഗ്രഹം!

* * *

നീണ്ട വർഷങ്ങൾ കുറേ കഴിഞ്ഞു, ജയിലിന്റെ
ചൂണ്ടലിൽ കൊത്തിക്കിടന്നാ രണ്ടു ദുർസ്വപ്നങ്ങൾ.
നൂറുനൂറായി സംഭവങ്ങൾതൻ നുറുങ്ങുകൾ
പേറിയാദിവസങ്ങൾ വാർന്നുപോയ്ക്കാലാ
ബ്ധിയിൽ.
മറന്നുപോയി മിക്കപേരുമാ കൊലയാളർ
വരുത്തിവെച്ച വിനയൊക്കെയും പതുക്കനെ.
പുളിച്ച പഴങ്കഞ്ഞി മാതിരി ചൂടാറിപ്പോയ്
പിണമായ് ചിതൽതിന്ന ജന്മിതൻ വൃത്താന്തവും.
ഇമകൾ ചാക്കാതെല്ലാം കണ്ടുകണ്ടുള്ളിൽകത്തു-
മിടിത്തിയ്യുമായ് നിന്നിതദ്ദിഗന്തര സ്വാന്തം.

* * *

പമ്പരംപോലെച്ചുററിത്തിരിയും പ്രപഞ്ചത്തി-
ന്നത്ഭുത വികാസങ്ങൾ നോക്കിനിന്നുവോ വാനം?
കേൾക്കയായ് ദൂരെ നൂതനാദർശോത്സവത്തിന്റെ
കേളിക്കൊട്ടൊരു നല്ലയുഗത്തിൻ പ്രാരംഭംപോൽ.
ആവേശം കൊടി കേറി മർത്ത്യമാനസങ്ങളി-
ലാ വിണ്ണിൻ തടങ്ങളിൽ, പൃത്ഥ്വീ തലങ്ങളിൽ!

ആശയം വിളിച്ചോതിയായിരം തരംഗങ്ങ-
ളായിട്ടും ജലധിതൻ നാവുകളുറക്കനേ.
ബുദ്ധിതൻ ചുഴിയിൽനിന്നുയർന്നു തീനാമ്പുകൾ
യുക്തിയോടത്ത ചിന്താവേദിയിൽ കത്തിക്കേറി!
കാററിലക്കരിയില പാററങ്ങൾപോലെ രത്നാ-
ക്കാഞ്ചന കിരീടങ്ങൾ കൊഴിഞ്ഞു വീണുമണ്ണിൽ!
'കോളനി'ക്കാരെയാട്ടിയോടിച്ചു പല നാട്ടും
കീർത്തിയാൽ തല പൊക്കി; പൌരസ്വാതന്ത്ര്യം
നേടി....

.................................................................................

## അഞ്ച്

പുതുവെട്ടം പരിചിയലും മുകുളങ്ങൾ വിടർന്നിട്ടും
പുതുവെട്ടം മലനാടിൻ കരളുണർത്തി.
മലയിളകി,ച്ചൂടിളകി, ചലനങ്ങളുണ്ടായി
മലനാട്ടിനു മൂലയൂട്ടംഭാരതത്തിൽ!
പൊടിപാറി,യണിയണിയായ് കൊടിപാറി,യാവേശ-
ച്ചോടിയൂറി, ജനശ്രേണികളൊന്നായ് പാടി,
"തകരട്ടെ ജന്മികൾ — കർഷകശത്രുക്കൾ
തകരട്ടെ തരിയായി പൊതുശത്രുക്കൾ........
തൊഴിലാളി വർഗ്ഗത്തിൻ ചുടുനിണം വാററുന്നാ-
മുതലാളിവർഗ്ഗം നശിച്ചിടട്ടെ...."
അവരൊരേ ജാതിയാ,ണവരൊരേ വർഗ്ഗമാ,-
ണവരുടെ പ്രശ്നവുമൊന്നുതന്നെ!

(കരിതിവരച്ച പലതകൾ ചിരയുഗമായ് കുടികൊണ്ട-
കുടിലതര കപടമായ വിശ്വാസങ്ങൾ,
നിയതിയുടെ കളവിയലും മൊഴിപൊഴിയും ലഹരി
കളിൽ
നിലതെററി നിപതിച്ചാ വേദാന്തങ്ങൾ,
നരയുഴറി, ച്ചിറകെട്ടി, ചളികെട്ടി, പുഴു കുത്തി
നിലനിന്നു പോന്നോരനാചാരങ്ങൾ-
പലതുമിടം യുക്തിഭരം ചിന്തിച്ച ജനയൂഥം
പുതിയ ചില ചിന്തയുടെ കാലു വാളിൽ!
അവയൊക്കെപ്പിഴുതെറിയാനവരുടെ ശബ്ദങ്ങ-
ളവിരാമം വിണ്ണിലുമലയിളക്കി!)
‘കൃഷിഭൂമി കൃഷകർക്കെ’ന്നവകാശവാദങ്ങൾ
കനിവുള്ള കവനങ്ങളേറെ പാടി.
കയ്യൂരിൽ, പുന്നപ്ര, വയലാറിൽ, ചേറവുവാ-
ക്കടലോരത്തൊളിവീശും പൂഴി മണ്ണിൽ
ഉശിരുള്ളാ ഗാനത്തിന്നാവേശ മലതല്ലി
യുയിരിൽനിന്നുതിരുന്ന ദീപ്തിപോലെ!
വെടിയുണ്ടകൾ പേടിക്കാ, തൊളിയുണ്ടകൾ പേടിക്കാ,
തിട്ടിവണ്ടികൾ പേടിക്കാതവ മുഴങ്ങി!
പുതുവെട്ടം പരിചിയലും മുകുളങ്ങൾ വിടർന്നാട്ടും
പുതുവെട്ടം മലനാടിൻ കരളണത്തി.
വ്രണക്കൂണുകൾ തിങ്ങിയ ഹതഭാഗ്യ ശാലികൾ,
വയറൊട്ടി, കവിളൊട്ടി, രക്തമറേറാർ,
വഴിവക്കിലെ പരിഷ്കാളൂദരം പുലത്താനാ-
യൂട്ടുമുണ്ടുഴിക്കുന്ന തേവിടികൾ

പകൽ, രാവെന്നില്ലാതെ പണിചെയ്തു നരകിക്കും
പണിയാളോടൊത്തരാ—ജനസംഘത്തിൽ
കൊടിയേന്തിനീങ്ങുന്നാ തേവനും ചാത്തനും
കൊലയാളികളല്ലിന്നു ബോധമുറ്റോർ!

തേവനും! ചാത്തനും! ജയിൽവാസം തീർന്നൊരു-
ജീവിത പരിണാമം സംഭവിച്ചോർ........

* * *

കഴിയേണ്ടയിനിയേറെ,ക്കഴിയേണ്ട നാളുകൾ,
കവനാർദ്ര സമത വന്നെത്തുവാനായ്.
തൊഴിലാളികൾ നാടിൻെറ ഭരണം നടത്തുന്നാ
തൊഴിലിൻെറ ജയഘോഷമെത്താറായി!
വിഭവങ്ങൾ വിളയുന്ന വയലുകൾ വേപ്പിനു
വിളവേകുമുദയമണയാറായി!
വയറിൻെറ നോവപ്പോൾ കേൾക്കില്ല, നാടെങ്ങും
വിലസുന്നോരാനന്ദ ഗാനമെന്ന്യേ!
പുളകത്തിൽ ചാഞ്ചാടി പൊന്നോടക്കുഴലൂതി,
തെളിനിലാവെററിട്ടമിരവുകളിൽ,
മലനാടിന്നൈശ്വര്യം കണ്ടന്നു താരകൾ
മണമുള്ള മലരെങ്ങും വാരി വീശും!!

—*—

# ആമിനാ പ്രസിദ്ധീകരണങ്ങൾ.

## മാപ്പിളപ്പാട്ടുകൾ.

| | | | |
|---|---|---|---|
| ബദ്ർപടപ്പാട്ട് | മോയിൻകുട്ടി വൈദ്യർ | 1 | 75 |
| അബലയുടെ ആവലാതി | മെഹർ | 0 | 40 |
| അറേബ്യൻ സിംഹം ഉമർകിസ്സ | ഹസ്സൻ | 0 | 25 |
| ആമിനക്കുട്ടി | മെഹർ | 0 | 50 |
| ആമിനക്കുട്ടി 2-ാംഭാഗം | കെ. ഹസ്സൻ | 0 | 50 |
| ആമിന | മുബാറക്ക് | 0 | 25 |
| കതീജക്കുട്ടി | ആർ. മുല്ലശ്ശേരി | 0 | 25 |
| ജമീല ഒന്നാംഭാഗം | മുനീർ | 0 | 37 |
| ടി. രണ്ടാംഭാഗം | ,, | 0 | 25 |
| ടി. മൂന്നാംഭാഗം | ,, | 0 | 37 |
| തങ്കക്കിനാവുകൾ | കെ. ബി. അബൂബക്കർ | 0 | 25 |
| തെരുവിൻെറ ചിന്ത | മെഹർ | 0 | 25 |
| തേൻകിനാവുകൾ | ഗോവിന്ദൻകുട്ടി | 0 | 25 |
| ദൈവത്തിൻെറ മനുഷ്യൻ | ഒ. ആബു | 0 | 50 |
| നഫീസാൻെറ കൽബും അബ്ദുവിൻെറ കണ്ണുകളും | പി. ടി. അബ്ദുറഹിമാൻ | 0 | 50 |
| നെടുവീർപ്പുകൾ | മെഹർ | 0 | 25 |
| നിക്കാഹിൻെറ കിനാക്കൾ | പിണങ്ങാണി | 0 | 25 |
| പൊന്നിൻകിനാവ് | വെട്ടത്ത് രാഘവൻ | 0 | 25 |
| ബദറുൽ മുനീർ—ഹുസനുൽജമാൽ | മോയിൻകുട്ടി വൈദ്യർ | 1 | 00 |

ആമിനാ ബുക്ക്സ്റ്റാൾ, തൃശൂർ-1.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. MA10 Acc. No. 33334

This book should be returned on or before the date last stamped below.

DEC

MA10 33334

രാഘവൻ അമ്പാടത്ത്

അമ്മടെ ദ്രവി

## അമ്പാടത്തിന്റെ കൃതികൾ

★

| | | |
|---|---|---|
| അഴകുള്ള കഥകൾ | കഥകൾ | 1—25 |
| നവവഷനാന്ദി | കവിതകൾ | 1—00 |
| മലയ എന്ന രാജ്യത്ത് | കവിതകൾ | 0—25 |
| സൈക്കിൾ | നോവൽ | (അച്ചടിയിൽ) |
| സൈനബ | കവിത | 0—60 |
| സൌമിനി | കവിത | 0—50 |
| ആരുടെ ഭൂമി | കവിത | 0—60 |
| കറുത്തതോലും റബ്ബർപ്പാലും | നോവൽ | 1—75 |

ആവശ്യപ്പെടുക :—

**ആമിനാ ബുക്ക്സ്റ്റാൾ,**

**തൃശ്ശൂർ.**